# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 07 OCTOBER 2025 | ക്രിസ്തീയ കുടുംബ മാസിക



"നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പം പോലെ പൂക്കും.
അതു മനോഹരമായി പൂത്തു ഉല്ലാസത്തോടും ഘോഷത്തോടും കൂടെ ഉല്ലസിക്കും".

(യെശയ്യാ 35:2)

# EDITORIAL

## ഒരുങ്ങാം... ഒരുക്കാം...

കാലത്തിന്റെ ഗതിവിഗതികൾ, സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒരു വിശ്വാസിക്ക് തന്റെ സഭയെ ചേർക്കുവാനുള്ള കർത്താവിന്റെ വരവ് വിദൂരമല്ല എന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. "നിങ്ങൾ യുദ്ധങ്ങളെയും കലഹങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ ഞെട്ടിപ്പോകരുത്; അത് ആദ്യം സംഭവിക്കേണ്ടതു തന്നേ. അവസാനം ഉടനെ അല്ലതാനും എന്ന് പറഞ്ഞു. പിന്നെ അവൻ അവരോട് പറഞ്ഞത്: ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും" (ലൂക്കൊസ് 21:9-11). ഇതെല്ലാം അക്ഷരാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

അമേരിക്ക തീരുവ സംബന്ധിച്ച് എടുത്ത തീരുമാനം റഷ്യയുടെയും ചൈനയുടെയും ഇന്ത്യയുടെയും സംയുക്ത പ്രസ്താവനകൾക്ക് കാരണമായി. ആ യോജിപ്പ് ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ ദൈവവചനവും പ്രവചനങ്ങളും നിരീക്ഷിക്കുന്നവരെ വാചാലമാക്കുന്നു. കൂടാതെ അറബ് രാഷ്ട്രങ്ങളും തമ്മിൽ കൈകൊടുക്കാൻ ഒരുങ്ങുന്നു. ഇതെല്ലാം വരും കാലത്ത് ലോകഭരണ സംവിധാനങ്ങളിലുണ്ടാകുവാൻ പോകുന്ന മാറ്റത്തിലേക്ക് വിരൽചൂണ്ടുന്നു എന്നു പറഞ്ഞാൽ അത് തെറ്റാകില്ല. യഹൂദന്മാരുടെ സ്വാധീനം അമേരിക്കയിൽ വളരെ ശ്രദ്ധേയമാണല്ലോ. ലോകം മുഴുവൻ അമ്പരന്നു പോകുന്ന നടപടികളും പ്രവർത്തനങ്ങളുമാണ് യിസ്രായേലിൽ നാം കാണുന്നത്. യിസ്രായേലിന്റെ സാമ്പത്തിക, ആത്മീക, സാമൂഹ്യ വളർച്ച കർത്താവിന്റെ മഹത്വപ്രത്യക്ഷതയുടെ അടയാളങ്ങളാണ് എന്നു പറയാം. യിസ്രായേലിന്റെ ചരിത്രം നമ്മൾ പഠിക്കുമ്പോൾ 1948 മുതൽ ഐക്യരാഷ്ട്ര സംഘടന യിസ്രായേലിനെ ഒരു രാഷ്ട്രമായി അംഗീകരിക്കുന്ന സമയം മുതൽ ഓരോ കാലഘട്ടത്തിലും മറ്റ് ലോകരാഷ്ട്രങ്ങളെയെല്ലാം അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള വളർച്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പല യുദ്ധങ്ങളിലും അവർ പരാജയപ്പെട്ടുവെന്ന് ലോകം വിധിച്ചപ്പോഴും ദൈവം തന്റെ ജനത്തെ ഓർത്തു. അബ്രാഹാമിനോടു ചെയ്ത ഉടമ്പടിയും, അബ്രാഹാമിനു കൊടുത്ത വാഗ്ദത്തവും എന്നും ഓർക്കുന്ന ഒരു ദൈവമുണ്ട്.

വിശുദ്ധസഭ ഇവിടെ നിന്നും മാറ്റപ്പെടാതെ യിസ്രായേലിന്റെ മേൽ പരിശുദ്ധാത്മാവിന്റെ അധിവാസം സംഭവ്യമല്ല എന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. ദൈവജനമായ യിസ്രായേലിന്റെ ഭ്രംശം ലോകത്തിന്റെ നിരപ്പിന് ഹേതുവായെങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പ് എന്നല്ലാതെ എന്തുള്ളു. റോമാ ലേഖനത്തിൽ വിശുദ്ധ പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇനി അവരുടെ അംഗീകരണമുണ്ട്; അത് മരിച്ചവരുടെ ഉയിർപ്പ് ആണ്. അത് കർത്താവിന്റെ മദ്ധ്യാകാശത്തിലുള്ള വരവിങ്കലെ സകല വിശുദ്ധന്മാരുടെയും പുനരുത്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. സകല യെഹൂദന്മാരും വിവിധ രാജ്യങ്ങളിലേക്കെല്ലാം ചിതറിപ്പോയി. അവർ മടങ്ങിവന്ന് യഹോവയായ ദൈവത്തെ അംഗീകരിക്കുകയാണ്. അവരുടെ അംഗീകരണം സഭയുടെ ഉത്പ്രാപണത്തിനു കാരണമാണ്.

കർത്താവിന്റെ പുനരാഗമനത്തിന്റെ ഒന്നാം ഘട്ടത്തിന് പ്രത്യേകിച്ച് അടയാളങ്ങൾ ഒന്നും ഉണ്ടാകില്ല. പെട്ടെന്നായിരിക്കും അത് സംഭവിക്കുക. എന്നാൽ രണ്ടാംവരവിന്റെ രണ്ടാം ഘട്ടം ഒലീവ് മലയിൽ സംഭവിക്കേണ്ടതാണ് (സഖര്യാവ് 14:4). അതിന്റെ അടയാളങ്ങളും അലയൊലികളുമാണ് നാം കാണുന്നത്. കർത്താവ് മദ്ധ്യാകാശത്തു വരാൻ കാലമായിരിക്കുന്നുവെന്ന് അറിയുക. ആകയാൽ നമ്മൾ സ്വയം ഒരുങ്ങണം. അനേകരെ കർത്താവിന്റെ വരവിനായിട്ടൊരുക്കണം. ദൈവം അനുഗ്രഹിക്കട്ടെ!



●●● രാജൻ എം. തോമസ്

# CONTENTS


03 ജ്ഞാനസ്നാനത്തിന്റെ അന്തസ്സ്
ഡോ. വി. പി. മത്തായി വാലയിൽ

05 സാധാരണം എങ്കിലും ദൈവികം
ഡോ. നെൽസൻ മാത്യു വാലയിൽ

07 വിവാഹജീവിതം സാഫല്യം ആക്കാൻ അടിസ്ഥാന ഘടകങ്ങൾ
പ്രൊഫ. ജോൺ സക്കറിയ

09 "നിശ്ചലകൃപ"
ഡോ. നെൽസൺ എബ്രഹാം

11 ഹാമാന്റെ ഭാര്യ സേരെശ്
ലീലാമ്മ ഉമ്മൻ

13 ഭക്ഷണത്തോടുള്ള ആസക്തി
റവ. ബേസിൽ ജോർജ്ജ്

15 ലോകത്തിലെ ഏറ്റവും വലിയ നിധി
ടീച്ചർ

25 രാഷ്ട്രത്തോടുള്ള കടമ
റവ. സണ്ണി കെ. ജോൺ

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.,
Kerala 683556

egmofindia@gmail.com
8281616654


For Donation to Gospel Messenger


EDITORIAL BOARD

PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



ഡയറക്ടറുടെ കത്ത്

ഡോ. വി.പി. മത്തായി വാലയിൽ

# ജ്ഞാനസ്നാനത്തിന്റെ അന്തസ്സ്

## DIGNITY WORTHY OF BAPTISM

**ജ്ഞാനസ്നാനം എന്നും മാമോദീസ എന്നും വിശ്വാസസ്നാനം എന്നും വിവിധ പേരുകളിലാണല്ലോ ഒരു സ്നാനം നമ്മൾ സ്വീകരിക്കുന്നത്. സ്നാനം എന്ന പ്രത്യക്ഷകർമ്മം നടക്കുമ്പോൾ അപ്രത്യക്ഷമായി നമ്മൾ കർത്താവിനോട് ചേരുന്നു, സഭയോടും ചേരുന്നു.**

ആധുനിക ക്രൈസ്തവസഭയിലെ വിശ്വാസികളായ നമ്മൾ ഓരോരുത്തരും വളരെ ശ്രദ്ധയോടെ വിലയിരുത്തേണ്ട വിഷയമാണിതെന്ന് വല്ലപ്പോഴുമൊക്കെ തോന്നിപ്പോകാറുണ്ട്. ക്വാളിറ്റിയെക്കാൾ ക്വാണ്ടിറ്റിക്ക് പ്രാധാന്യം കൊടുത്തുപോകുന്ന ഒരു കാലയളവാണല്ലോ ഇത്. അതുകൊണ്ട് ഗുണനിലവാരത്തിൽ കുറവുവരിക എന്നത് സ്വാഭാവികമായിരിക്കും. എന്നാൽ ദൈവവചനത്തിൽ വിശുദ്ധജീവിതത്തെ സംബന്ധിച്ചിടത്തോളം ക്വാളിറ്റിയും ക്വാണ്ടിറ്റിയും ഒരുപോലെ പൂരകമായിരിക്കണം. വിശുദ്ധിയിൽ നമ്മൾ തികഞ്ഞവരായി കാണാൻ ദൈവം ആഗ്രഹിക്കുന്നു. അതിനാൽ വചനം അയച്ചു നമ്മെ സൗഖ്യമാക്കിയും സഹായിച്ചും ജയോത്സവമായി നടത്തുവാൻ ദൈവം ആഗ്രഹിക്കുന്നു.

ജ്ഞാനസ്നാനം എന്നും മാമോദീസ എന്നും വിശ്വാസസ്നാനം എന്നും വിവിധ പേരുകളിലാണല്ലോ ഒരു സ്നാനം നമ്മൾ സ്വീകരിക്കുന്നത്. സ്നാനം എന്ന പ്രത്യക്ഷകർമ്മം നടക്കുമ്പോൾ അപ്രത്യക്ഷമായി നമ്മൾ കർത്താവിനോട് ചേരുന്നു, സഭയോടും ചേരുന്നു. കർത്താവിന്റെ മരണ, പുനരുത്ഥാനത്തിൽ പങ്കാളികളാകുന്നു, കർത്താവിനെ ധരിക്കുന്നു. ഇത്ര മഹത്വകരമായ ഒരു കാര്യത്തെ അർഹമായ അംഗീകാരത്തോടും ആദരവോടും ദൈവഭയത്തോടുംകൂടെ സ്വീകരിക്കാതിരുന്നാൽ എങ്ങനെ ആ സ്നാനത്തിനൊത്ത അന്തസ്സോടെ ജീവിക്കുവാൻ കഴിയും?

എന്താണ് സ്നാനത്തിനൊത്ത അന്തസ്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? കർത്താവിനോടും കർത്താവിന്റെ ശരീരമെന്ന സഭയോടും സ്നാനത്താൽ ചേർക്കപ്പെട്ട ഒരു വ്യക്തി എങ്ങനെ ആയിരിക്കണമെന്ന് ദൈവവചനം ശക്തമായി വെളിപ്പെടുത്തുന്നുണ്ട്.

കൊലൊസ്സ്യർ 1:10 "നിങ്ങൾ പൂർണ്ണ പ്രസാദത്തിന്നായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്നു, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ടു നിറഞ്ഞുവരേണം എന്നും, സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും...." കർത്താവിന് യോഗ്യമായ ജീവിതം നയിക്കണമെന്നു കാരാഗൃഹത്തിൽ കിടക്കുന്ന വി. പൗലൊസ് പുറമെയുള്ള സഭാമക്കൾക്ക് എഴുതുകയാണ്. കർത്താ

വിന്റെ കൂടെ നടക്കുവാൻ യോഗ്യതനേടുക എന്നതുകൊണ്ട് കർത്താവിന്റെ ശിഷ്യത്വം ഏറ്റെടുക്കുക എന്നതാണ്. കർത്താവിന് യോഗ്യമായ ജീവിതം എന്നതിന് മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ കർത്താവിന്റെ ഭാവങ്ങൾ നമ്മിലൂടെ പ്രകടമാക്കുക എന്നതാണ്. അതാണ് കർത്താവിന്റെ ഭവനത്തിലേക്ക് വീണ്ടുംജനനത്തിലൂടെ പ്രവേശിച്ചവന്റെ അന്തസ്സ് എന്നത്.

എഫെസ്യർ 4:1-3 "കർത്തൃസേവനിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം പൂർണ്ണവിനയത്തോടും സൌമ്യതയോടും ദീർഘക്ഷമയോടുംകൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്‌വിൻ." അതിനാൽ കർത്താവിന്റെ... സമാധാനബന്ധത്തിലൂടെ ആത്മാവിന്റെ ഐക്യത നിലനിർത്തുക. വിളിക്ക് യോഗ്യമായ നടപ്പ്, എന്നാൽ നമ്മൾ സ്വർഗ്ഗീയവിളിക്ക് ഓഹരിക്കാരാണല്ലോ എന്നാണ്. പാപികളും ബലഹീനരുമായിട്ടുള്ള നമ്മെ വിളിച്ചുചേർത്ത് ദൈവപൈതൽ എന്ന പദവി നൽകിയപ്പോൾ വിളിയുടെ വിലയും നിലയും അറിഞ്ഞ് അതിന്റെ മഹത്വം നിലനിർത്തിക്കൊള്ളേണം. അതാണ് വിളിയുടെ അന്തസ്സ്.

1 തെസ്സലൊനീക്യർ 2:12 "നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്നപ്പോലെ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും സാക്ഷ്യംപറഞ്ഞും പോന്നു എന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഇവിടെ പറയുന്നത് ദൈവത്തിന് യോഗ്യമാംവണ്ണം ജീവിതം നയിക്കുവാൻ നമുക്ക് കഴിയണം. ദൈവത്തിന് യോഗ്യമാംവണ്ണം എന്ന് പറയുന്നതിലൂടെ പിതാവാം ദൈവത്തിന് പ്രസാദകരമായിരിക്കണം നമ്മുടെ യാത്ര എന്ന് നാം ഗ്രഹിക്കണം.

എന്താണ് ഇതുകൊണ്ടെല്ലാം അർത്ഥമാക്കേണ്ടത്? ക്രിസ്ത്യാനികളായ നാം ക്രിസ്തു കൂടെയുള്ളവരായി ജീവിക്കണം എന്നതാണ് അതിന്റെ മിനിമം തിരിച്ചറിവ്. പാപത്തിലും പാപസാഹചര്യത്തിലും നമ്മെ കാണരുത്. ലോകത്താലുള്ള കളങ്കംപറ്റാതെ ഈ ലോകത്ത് ജീവിക്കുക എന്നത് ഒരു ത്യാഗം തന്നെയാണ്. അതിനായി വിലകൊടുക്കേണ്ടിവരും.

സ്നേഹത്തിൽ നടക്കുക. ഇതിന്റെ മാതൃക എന്നത് കർത്താവ് സ്നേഹിച്ചതുപോലെ എന്നതാണ്. എഫെസ്യർ 5:2. "ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്ക് വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്." (5:3) ഇവയാണ് വിശുദ്ധന്മാർക്ക് ഉചിതം എന്ന് പറയുമ്പോൾ ഇവയാണ് ജ്ഞാനസ്നാനം സ്വീകരിച്ചവർക്ക് ഉചിതം എന്നതാണ്. വെറുപ്പും വിദ്വേഷവും പോലീസ് സ്റ്റേഷനിൽ കേസും കോടതിയിൽ വ്യവഹാരവും നാട്ടുകാരോട് ബഹളവുമായി നടക്കുന്നത് ദൈവമക്കളുടെ അന്തസ്സിന് നിരക്കുന്നതല്ല. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇവയും ഇക്കൂട്ടർക്ക് ഒരുരീതിയിലും യോജിക്കുന്നതല്ല എന്ന് നമ്മെ വി. പൌലൊസ് പഠിപ്പിക്കുന്നു. അശുദ്ധവാക്കുകളും സംസാരവും നമുക്ക് ചേരുന്നതല്ലല്ലോ. ഏതൊരു ക്രിസ്തുഭക്തനും, വിശുദ്ധനും വിശ്വസ്തനും, വിശ്വാസത്തിൽ തികഞ്ഞവനും ആയിരിക്കുന്നതാണ് സ്നാനം സ്വീകരിച്ചവരുടെ അന്തസ്സ്.

**രക്ഷിക്കപ്പെട്ടവർ പ്രതികളായി കോടതിവരാന്തകൾ കയറിയിറങ്ങി നടക്കുന്നത് നമ്മുടെ അന്തസ്സിന് നിരക്കുന്നതല്ല. പോലീസ് സ്റ്റേഷനും വ്യാജമായ ബിസിനസ്സ് ഇടപാടുകളും പണസമ്പാദനത്തിനുള്ള കുറുക്കുവഴികളും ദൈവമക്കൾക്കെങ്ങിനെ ഇണങ്ങും? മദ്യപാനവും മയക്കുമരുന്നു ഉപയോഗവും, കള്ളത്തരവും എല്ലാത്തരത്തിലുമുള്ള വ്യാജഭാവവും എല്ലാ അസൂയയും ദുഷ്ടതയും എല്ലാ തിന്മയും കള്ളവും കള്ളത്തരങ്ങളും നമുക്ക് എങ്ങിനെ നമ്മോടു പൊരുത്തപ്പെടുത്തി ആത്മീയജീവിതം നയിക്കാൻ കഴിയും?** ഈ ലോകത്തിന്റെ കളങ്കംപറ്റാതെ ജീവിക്കുന്നതാണ് ദൈവമക്കളുടെ അന്തസ്സ്. മാതാപിതാക്കളെ സംരക്ഷിക്കുന്നതും പരിചരിക്കുന്നതുമാണ് വീണ്ടുംജനിച്ചവരുടെ അന്തസ്സ്. സഹോദരിസഹോദരങ്ങൾ സ്നേഹത്തോടെ കഴിയുന്നതാണ് ക്രിസ്ത്യാനിയുടെ അന്തസ്സ്. സത്യസന്ധതയും സൌമ്യതയും സഹകരണവും സഹിഷ്ണുതയുമാണ് കൂട്ടായ്മക്കാരുടെ അന്തസ്സ്. വചനം പഠിക്കുന്നതും വചനപ്രകാരം ജീവിക്കുന്നതും ദൈവശബ്ദം കേൾക്കുന്നതും ദൈവഹിതം അറിയുന്നതുമാണ് ദൈവത്തെ സ്നേഹിക്കുന്ന ദൈവജനത്തിന്റെ അന്തസ്സ്. അന്തസ്സോടെ ജീവിച്ചാൽ ദൈവനാമം മഹത്വപ്പെടും. അന്തസ്സോടെ ജീവിച്ചാൽ ദൈവത്തിനും മനുഷ്യർക്കും നമ്മൾ മാന്യന്മാരായിരിക്കും. നല്ല ശുശ്രൂഷ ചെയ്ത് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വിശുദ്ധനായി ജീവിച്ചാൽ നിത്യകൂടാരങ്ങളിൽ കർത്താവ് സ്വീകരിക്കും.

പ്രിയ ദൈവമക്കളെ, ഈ ഭൂമിയിൽ വളരെ പരിമിതകാലം നമുക്ക് ക്രിസ്തീയമായി മാന്യതയോടെ ദൈവത്തിന്റെ, നമ്മുടെ പിതാവിന്റെ അന്തസ്സിനിണങ്ങുന്നരീതിയിൽ ജീവിക്കാം. അതിനായി ദൈവം സഹായിക്കട്ടെ. ●●●



ജീവിത ചിന്തകൾ



ഡോ. നെൽസൺ മാത്യു വാലയിൽ

# സാധാരണം എങ്കിലും ദൈവികം

**ദൈ**വത്തിന്റെ ശ്രദ്ധ ആകർഷിക്കുവാൻ കഴിയാത്തയത്ര സാധാരണമാണ് എന്റെ ജീവിതം എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? പാത്രങ്ങൾ കഴുകിയും ഭക്ഷണം തയ്യാറാക്കിയും മക്കളെ വളർത്തിയും അവരെ ഹോംവർക്ക് ചെയ്യാൻ സഹായിച്ചും ജോലി ചെയ്തും പറമ്പിലെ കാര്യം നോക്കിയും മുന്നോട്ടുപോകുന്ന ഒരു സാധാരണ ജീവിതം. ഇവയൊന്നും നമുക്ക് 'ആത്മീയ'മായി തോന്നാറുമില്ല. ദൈവം പള്ളിയിലെ പീഠങ്ങളിലോ പ്രാർത്ഥനായോഗങ്ങളിലോ ശുശ്രൂഷാവേദികളിലോ മാത്രമേ കാണപ്പെടുന്നുള്ളൂ എന്ന് നമ്മൾ പലപ്പോഴും സങ്കൽപ്പിക്കുന്നു. എന്നാൽ യേശു 'സാധാരണ'യിലും സന്നിഹിതനാണ് എന്ന തിരുവെഴുത്തിന്റെ സത്യം ഏറെ ആശ്വാസം പകരുന്നതാണ്.

കൊലൊസ്സ്യർ 3:23, 24-ൽ പറയുന്നത് 'നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.' കർത്താവിനുവേണ്ടി എന്നപോലെ പൂർണ്ണഹൃദയത്തോടെ പ്രവർത്തിക്കുന്നതിലൂടെ നാം കർത്താവിനെ തന്നെയാണ് സേവിക്കുന്നത്. വിശ്വസ്തതയുടെ ഓരോ ചെറിയ പ്രവൃത്തിയും ദൈവത്തോടുള്ള സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ്. നന്ദിയോടെ പാത്രം കഴുകുന്നതും, സത്യസന്ധതയോടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതും, ക്ഷമയോടെ വാഹനമോടിക്കുന്നതും എല്ലാം നാം അവനെന്നപോലെ ചെയ്താൽ അത് പവിത്രമാണ്. ദൈവസാന്നിധ്യബോധത്തോടെ നാം എന്തു ചെയ്താലും അത് ദൈവികമാണ്.

ലൂക്കൊസ് 10-ൽ യേശു മറിയയുടെയും മാർത്തയുടെയും ഭവനം സന്ദർശിച്ചതായി നാം വായിക്കുന്നു. മാർത്ത ആതിഥ്യമര്യാദയുടെ പ്രവർത്തികളിൽ തിരക്കിലായിരുന്നു, മറിയ യേശുവിന്റെ കാൽക്കൽ ഇരുന്നു ശ്രദ്ധിച്ചു. യേശു മാർത്തയെ സൌമ്യമായി തിരുത്തി, അവളുടെ ജോലി അപ്രധാനമായതുകൊണ്ടല്ല, മറിച്ച് ദൈവസാന്നിധ്യബോധ്യത്തിൽ അത് ചെയ്യാതെ വിചാരപ്പെട്ടും മനം കലങ്ങിയും അത് ചെയ്യാൻ ശ്രമിച്ചു. നമ്മുടെ ഔദ്യോഗിക ജോലികളിലും വീട്ടുജോലികളിലും ദൈവത്തിന്റെ സാന്നിധ്യം നാം മറക്കുന്നില്ലെങ്കിൽ ക്രിസ്തു നമ്മോടൊപ്പമുണ്ട്. തറ തൂത്തുവാരുന്നതും കുഞ്ഞിനെ പരിപാലിക്കുന്നതുമെല്ലാം അപ്പോൾ ആരാധനയായി മാറുന്നു.

സാധാരണ പ്രവർത്തികളിൽ ഏർപ്പെട്ടിരുന്നവർ ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിരുന്നതിന്റെ ഉദാഹരണങ്ങളാൽ ബൈബിൾ നിറഞ്ഞിരിക്കുന്നു. ക്രിസ്തുവിന്റെ വംശാവലിയുടെ ഭാഗമായി മാറിയ രൂത്ത് വയലുകളിൽ പെറുക്കി ജീവിച്ചിരുന്നവളാണ്. ലുദിയ ഒരു ബിസിനസുകാരിയായിരുന്നെങ്കിലും അവളുടെ വീട് ആദ്യത്തെ യൂറോപ്യൻ സഭയായി മാറി. ദൈവരാജ്യം പ്രസംഗപീഠങ്ങളിലൂടെ മാത്രമല്ല, അടുക്കളകൾ, ക്ലാസ് മുറികൾ, ഓഫീസുകൾ, വർക്ക്ഷോപ്പുകൾ മുതലായവയിലൂടെയും മുന്നേറുന്നു.

അങ്ങനെയെങ്കിൽ, ഒരുപക്ഷെ നാം ചിന്തിച്ചേക്കാം: സാധാരണ ജോലികളും പവിത്രമാണെങ്കിൽ, എന്തിനാണ് ചിലർ തങ്ങളുടെ ഔദ്യോഗിക ജോലിപോലും വേണ്ടെന്നുവച്ച് മുഴുവൻസമയ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നത്. പത്രൊസും മറ്റുള്ളവരും കർത്താവിനെപ്രതി അവരുടെ തൊഴിൽ ഉപേക്ഷിച്ചത് മത്സ്യബന്ധനം അശുദ്ധമായതുകൊണ്ടല്ല,

യേശു അവരെ പ്രത്യേകമായി വിളിച്ചതുകൊണ്ടായിരുന്നു. സഭയുടെ അടിത്തറ പണിയുന്നതിനായി അവരുടെ മുഴുവൻ ജീവിതവും സമർപ്പിക്കുവാനുള്ള വിളിയായിരുന്നു. ഇന്നും തൊഴിൽ ഉപേക്ഷിച്ച് മിഷൻ അല്ലെങ്കിൽ പാസ്റ്ററൽ പ്രവർത്തനങ്ങളിലേക്ക് ദൈവം ചിലരെ വിളിക്കുന്നുണ്ട്. എന്നാൽ അത് മറ്റ് ജോലികളെ തരംതാണതാക്കുന്നില്ല. സത്യസന്ധതയോടെ വലവീശുന്ന ഒരു മത്സ്യത്തൊഴിലാളി വചനം പ്രസംഗിക്കുന്ന ഒരു പാസ്റ്ററെപ്പോലെ ദൈവത്തിന് പ്രിയനാണ് – ഇരുവരും ദൈവം നൽകിയ വിളിയിൽ വിശ്വസ്തരാണെങ്കിൽ.

ചിലർ കൃഷിയിടങ്ങൾ പരിപാലിച്ചും, ക്ലാസുകൾ എടുത്തും, സോഫ്റ്റ്‌വെയർ കോഡിംഗ് ചെയ്തും ദൈവത്തെ മഹത്വപ്പെടുത്തുന്നു. മറ്റുചിലർ സഭയിൽ ഇടയവേല ചെയ്തും സുവിശേഷം എത്തിപ്പെടാത്ത ഗ്രാമങ്ങളിൽ കടന്നുചെന്നും അവനെ മഹത്വപ്പെടുത്തുന്നു. രണ്ടും പവിത്രമാണ്. രണ്ടും സേവനമാണ്. തൊഴിലിന്റെ സ്വഭാവത്തിലല്ല, വ്യക്തിപരമായ ദൈവിക വിളിയിലും അതിനോടുള്ള ഉത്തരവാദിത്വത്തിലുമാണ് വ്യത്യാസം.

**സാധാരണ ദിനചര്യകളിൽ**

നമ്മുടെ സാധാരണ ദിനചര്യകളിൽ നാം എങ്ങനെയാണ് യേശുവിനെ കണ്ടുമുട്ടുന്നത്?

• ദൈവത്തിൽ ആരംഭിക്കുക. ആരംഭിക്കുന്നതിന് മുമ്പ് പ്രാർത്ഥിക്കുക: 'കർത്താവേ, ഞാൻ ഇത് നിനക്കുവേണ്ടി ചെയ്യുന്നു.'

• സത്യസന്ധതയോടെ പ്രവർത്തിക്കുക. നമ്മുടെ സത്യസന്ധത, ദയ, ക്ഷമ എന്നിവ ജീവിക്കുന്ന സാക്ഷ്യങ്ങളാണ്.

• തടസ്സങ്ങളെ അവസരങ്ങളാക്കി മാറ്റുക. ഒരു വ്യക്തി സഹായം ആവശ്യപ്പെടുമ്പോഴോ, ഒരു സഹപ്രവർത്തകനു കേൾക്കുവാൻ ഒരു കാത് ആവശ്യമുള്ളപ്പോഴോ, അത് യേശുവിനെ സേവിക്കാനുള്ള അവസരമായി കാണുക. 'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' (മത്തായി 25:40).

• നന്ദിയോടെ അവസാനിപ്പിക്കുക. ദിവസാവസാനത്തിൽ, എല്ലാ ചെറിയ കാര്യങ്ങളിലും കൂടെയിരുന്നതിന് ദൈവത്തോട് നന്ദിപറയുക.

പ്രിയരേ, ഒരു വിശ്വാസി തന്റെ പ്രവർത്തനത്തെ 'വിശുദ്ധം', 'ലൗകികം' എന്നിങ്ങനെ വേർതിരിക്കേണ്ടതില്ല. ജീവിതം മുഴുവൻ ദൈവത്തിന്റേതാണ്. അടുക്കളയും ഒരു ബലിപീഠമാകാം. ഓഫീസ് ഒരു വിശുദ്ധമന്ദിരമാകാം. ക്ലാസ്മുറി ഒരു മിഷൻ ഫീൽഡാകാം. പത്രൊസിനെയും പൗലൊസിനെയും പോലെ ചിലരെ ദൈവം മുഴുവൻസമയ സുവിശേഷവേലയിലേക്ക് വിളിക്കുന്നു. എന്നാൽ ചിലരെ അവർ എവിടെയാണോ അവിടെ ക്രിസ്തുവിന്റെ വെളിച്ചം പ്രകാശിപ്പിക്കുവാൻ വിളിക്കുന്നു. പോകുവാനും അയക്കുവാനും പിന്നാമ്പുറംനിന്ന് ബലം പകരുവാനുമെല്ലാം ദൈവം നമ്മെ ക്ഷണിക്കുമ്പോൾ സന്തോഷപൂർവ്വം, ഹൃദയപൂർവ്വം അത് ചെവിക്കൊള്ളുമോ?

പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു സന്യാസിയായിരുന്നു ബ്രദർ ലോറൻസ്. അദ്ദേഹം പ്രശസ്തനായിരുന്നില്ല. അദ്ദേഹം ഒരിക്കലും മഹത്തായ പ്രസംഗങ്ങൾ നടത്തിയിരുന്നില്ല. ആശ്രമത്തിലെ അടുക്കളയിൽ കലങ്ങളും പാത്രങ്ങളും കഴുകി ജോലി ചെയ്തു. എങ്കിലും അദ്ദേഹം പറഞ്ഞു: 'എന്റെ അടുക്കളസമയം പ്രാർത്ഥനയുടെ സമയത്തിൽനിന്ന് വ്യത്യസ്തമായിരുന്നില്ല. അടുക്കളയിലെ ബഹളത്തിലും ഞാൻ മുട്ടുകുത്തിയതുപോലെ വലിയ ശാന്തതയിൽ ദൈവത്തെ ഉൾക്കൊള്ളുന്നു.' ബ്രദർ ലോറൻസിനെ സംബന്ധിച്ചിടത്തോളം പാത്രങ്ങൾ കഴുകുന്നതും ആരാധനയായി മാറി, കാരണം അദ്ദേഹം അത് ദൈവത്തിന്റെ സാന്നിധ്യത്തിൽ ചെയ്തു.

സുഹൃത്തേ, ദൈവത്തെ സേവിക്കുവാൻ ഒരു വേദിക്കുവേണ്ടിയോ പ്രസംഗപീഠത്തിനുവേണ്ടിയോ സ്ഥാനപ്പേരിനു വേണ്ടിയോ കാത്തിരിക്കേണ്ടതില്ല. ഞായറാഴ്ച രാവിലെ ആരാധനാലയത്തിൽ മാത്രമല്ല, അടുക്കളയിലും മേശയിലും റോഡിലും മാർക്കറ്റിലും യേശു നമുക്കായി കാത്തിരിക്കുന്നു.

പ്രാർത്ഥിക്കാം. *കർത്താവായ യേശുവേ, എന്റെ ദൈനംദിന ജീവിതത്തിൽ നിന്നെ കാണുവാൻ എന്നെ പഠിപ്പിക്കേണമേ. എത്ര ചെറുതായാലും എല്ലാ ജോലികളും അങ്ങേയ്ക്ക് ആരാധനയായി സമർപ്പിക്കുവാൻ എന്നെ സഹായിക്കേണമേ. എന്റെ വീട്, എന്റെ ജോലി, എന്റെ ദിനചര്യകൾ – എല്ലാം അങ്ങയുടെ സാന്നിധ്യത്തിന്റെ പുണ്യസ്ഥലങ്ങളായി മാറട്ടെ. ആമേൻ.*

●●●


**വാട്ട്സാപ്പ്**

**ഡോ.വി. പി. മത്തായി വാലയിൽ നൽകുന്ന വചന സന്ദേശങ്ങൾ വാട്ട്സാപ്പിലൂടെ കൈമാറുന്നു. ആവശ്യപ്പെടുന്ന നമ്പറുകളിലേക്ക് അയച്ചുതരുന്നതാണ്. Contact: 9447707654**





പ്രൊഫ. ജോൺ
സഖറിയ

# വിവാഹജീവിതം സാഫല്യം ആക്കാൻ അടിസ്ഥാന ഘടകങ്ങൾ

**ദൈ**വം സ്ഥാപിച്ച കുടുംബത്തിൽ മനുഷ്യന്റെ ഭൗമിക ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നമുക്ക് ഈ ലക്കത്തിൽ പഠിക്കാം.

'അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും' (ഉല്പത്തി 2:24)

മത്തായി 19:5-ൽ യേശുവും എഫെസ്യർ 5:31-ൽ അപ്പൊസ്തലനായ പൌലൊസും ഈ വാക്യം അതേപോലെ തന്നെ ഉദ്ധരിച്ചിരിക്കുന്നു. അടുത്ത വാക്യത്തിൽ പൌലൊസ് ഒരു സത്യംകൂടെ പറഞ്ഞിട്ടുണ്ട് : 'ഇത് ഒരു മർമ്മം (Mystery) ആണ്' എന്ന്.

വിവാഹം ദൈവത്തിന്റെ പദ്ധതിയാണ്, മനുഷ്യന്റെ പദ്ധതിയല്ല എന്ന് നാം കണ്ടു. ആയതിനാൽ വിവാഹജീവിതം വിജയകരമായിത്തീരണമെങ്കിൽ പദ്ധതി ആവിഷ്കരിച്ച ദൈവത്തിന്റെ നിയമങ്ങൾ അനുസരിച്ചുവേണം ജീവിതം നയിക്കുവാൻ. ഏതെങ്കിലും ഒരു സാധനം ഒരു കമ്പനി നിർമ്മിച്ചാൽ അതിന്റെ ഗുണഗണങ്ങളും ഉപയോഗരീതിയും അതിൽ അടങ്ങിയിരിക്കുന്ന സംഗതികളും ആ കമ്പനിയുടെ Manual-ൽ എഴുതിയിരിക്കും. അതിലെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെ ആ സാധനം ഉപയോഗിച്ചാൽ അത് ഉപയോഗശൂന്യമോ ദുരുപയോഗമോ ആയിത്തീരും. ആ സാധനംകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിൽ നാം എത്തുകയില്ല.

എന്നാൽ വേദപുസ്തകം വിശ്വസിക്കുന്നവരെന്ന് അഭിമാനിക്കുന്ന ക്രിസ്ത്യാനികൾവരെ വിവാഹത്തെക്കുറിച്ചുള്ള ദൈവത്തിന്റെ മാനുവൽ (Manual) വായിക്കാനോ പഠിക്കാനോ മനസ്സിലാക്കാനോ അറിവില്ലാത്തവരോ മനസ്സില്ലാത്തവരോ ആയിരിക്കുന്നതിനാൽ ദൈവത്തിന്റെ ഉദ്ദേശ്യം അനുസരിച്ചുള്ള സൗഭാഗ്യകരമായ വിവാഹജീവിതം നയിക്കുവാൻ സാധിക്കാതെ പരാജയപ്പെടുന്നത് കാണാം. വിവാഹജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ ഒരുപക്ഷേ ലോക മാനദണ്ഡങ്ങൾ അനുസരിച്ച് പരിഹരിക്കാൻ ശ്രമിക്കുന്നവർ ഉണ്ടായേക്കാം. നിർമ്മാതാവിന്റെ വ്യവസ്ഥകൾ അനുസരിച്ചല്ലാതെയുള്ള ഏത് പരിശ്രമങ്ങളും പരാജയത്തിൽ മാത്രമേ അവസാനിക്കൂ - ഒരുപക്ഷേ താൽക്കാലികമായ ചില പ്രയോജനങ്ങൾ കണ്ടെത്തിയെന്ന്വരാം.

വിവാഹജീവിതം സ്ഥാപിച്ചത് ദൈവം മാത്രമാകയാൽ, ആയത് വേദപുസ്തകത്തിൽ മാത്രം കാണുന്നതാകയാൽ, ജാതിമതഭേദമെന്യേ വിവാഹജീവിത വ്യവസ്ഥകളും സംതൃപ്തിയും കണ്ടെത്താൻ വേറെ എങ്ങും പോയിട്ട് കാര്യമില്ല. ലോകത്തിന്റെ മാനദണ്ഡങ്ങളിൽ ചിലപ്പോൾ വേദപുസ്തകത്തിലെ കാര്യങ്ങൾ, വ്യവസ്ഥകൾ, ചിലതൊക്കെ ഉൾക്കൊള്ളിച്ചിട്ടുണ്ടാകാം. പക്ഷേ ഒറിജിനൽ മാനുവൽതന്നേ നോക്കി ജീവിതത്തെ നയിക്കുവാൻ സാധിക്കുന്നത് പൂർണ്ണവിജയത്തിന് കാരണമായിത്തീരും.

മേൽ ഉദ്ധരിച്ച വാക്യം, ദൈവം ആദാമിനും ഹവ്വാക്കും കൊടുത്ത മാനുവൽ ആണ്. അതിൽ മൂന്ന് കാര്യങ്ങൾ അടങ്ങിയിരിക്കുന്നു:

1. വിട്ടുപിരിയുക (Leaving)
2. പറ്റിച്ചേരുക (Cleaving)
3. ഒരു ദേഹമായിത്തീരുക (Becoming one flesh)

അപ്പൊസ്തലനായ പൌലൊസ് പറഞ്ഞതുപോലെ ഇതൊരു മർമ്മം അഥവാ രഹസ്യം

അഥവാ വെളിപ്പാടിലൂടെ മനസ്സിലാക്കേണ്ട കാര്യം ആകുന്നു. ആയതിനാൽ യഥാർത്ഥ ദൈവവിശ്വാസം, രക്ഷയുടെ അനുഭവം ഉള്ളവർക്ക് മാത്രമേ ഇത് പൂർണ്ണമായും മനസ്സിലാക്കുവാൻ സാധിക്കൂ. എങ്കിലും ദൈവവചനം വിശ്വസിക്കുന്നവർക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

**1. വിട്ടുപിരിയുക.** ഇവിടെ പുരുഷൻ മാതാപിതാക്കളെ വിട്ടുപിരിയണം എന്നാണ് പറഞ്ഞിരിക്കുന്നത്. ഓരോ വിവാഹത്തിലും ഓരോ പുതിയ കുടുംബങ്ങൾ ലോകത്തിൽ സ്ഥാപിക്കപ്പെടുന്നു എന്നത് തിരുവചനസത്യം അത്രേ. പഴയ ഒരു കുടുംബത്തിലെ, തന്റെ മാതാപിതാക്കളുടെ കുടുംബത്തിലെ, അംഗമായിരിക്കുന്ന പുരുഷൻ ആ ബന്ധം വിട്ടുപിരിഞ്ഞെങ്കിൽ മാത്രമേ ഒരു പുതിയ കുടുംബം സൃഷ്ടിക്കാൻ ആകൂ; ആ കുടുംബത്തിന്റെ തലവൻ ആകുവാൻ സാധിക്കൂ. ഒരു കുടുംബത്തിന് രണ്ട് തലവൻമാർ പാടില്ലല്ലോ. അതുവരെ അവന്റെ കുടുംബത്തിൽ ഉണ്ടായിരുന്ന ബന്ധത്തിൽനിന്ന് ഒരു വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു; ഉണ്ടാകേണ്ടിയിരിക്കുന്നു. മാതാപിതാക്കളോട് ബന്ധപ്പെട്ടിരിക്കരുതെന്നോ അവരെ കരുതരുത് എന്നോ ഒന്നുമല്ല അതിന്റെ അർത്ഥം.

ഒരു കുല കായ്ച്ച വാഴച്ചുവട്ടിൽ ഉള്ള വാഴക്കന്നുകളിൽ ഒരെണ്ണം പിഴുതെടുത്ത് വേറൊരു സ്ഥലത്ത് നടാതെ നല്ല ഒരു വാഴയായി ഈ വാഴക്കന്നിന് തീരാനോ നല്ല വാഴക്കുല ഉണ്ടാകാനോ സാദ്ധ്യമല്ല എന്ന് നമുക്ക് അറിയാം. അപ്പന്റെയും പ്രത്യേകിച്ച് അമ്മയുടെയും കരുതലിൽ, ലാളനയിൽ, വളർന്നുവന്ന പുരുഷനായ, വിവാഹിതനാകുവാൻ പോകുന്ന വ്യക്തി, വിവാഹത്തോടുകൂടി പുതിയ ഒരു ബന്ധത്തിലേക്ക് പ്രവേശിപ്പിക്കപ്പെടുന്നത് മാത്രമല്ല പഴയ ബന്ധത്തോട് ഒരു പ്രത്യേക വേർപാട് ഉണ്ടാവുകയും ചെയ്യണം. തന്റെ മാതാവും പിതാവും തമ്മിൽ ഉണ്ടായിരുന്ന, ഉണ്ടായിരിക്കേണ്ടിയിരുന്ന, അതുപോലെയുള്ള ഒരു പുതിയ ബന്ധം അവന്റെ ജീവിതത്തിൽ ഉണ്ടാകണം-ഒരു ശിശു ജനിക്കുമ്പോൾ ആ ശിശുവിന്റെ പൊക്കിൾക്കൊടി (umbilical cord) മുറിച്ചുമാറ്റുന്നതുപോലെ. പത്തുമാസം ചുമന്ന കുഞ്ഞിന്റെ അതുവരെയുള്ള വളർച്ചയ്ക്ക് സഹായകമായിരുന്ന പൊക്കിൾക്കൊടി മുറിക്കുവാൻ പാടില്ല എന്ന് അമ്മ നിർബന്ധംപിടിച്ചാൽ എങ്ങനെയിരിക്കും? ജീവിതത്തിന്റെ വിജയത്തിന് നിസ്വാർത്ഥതയാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഓരോരുത്തർക്കും ഓരോ കാലയളവിൽ വച്ചിരിക്കുന്നതായ ചുമതലകൾ, വ്യവസ്ഥകൾ, അനുസരിച്ച് ജീവിച്ചതിനുശേഷം തങ്ങളുടെ ചുമതലകൾ തീർന്നു എന്ന് മനസ്സിലാകുന്ന സമയത്ത് വിട്ടുകൊടുക്കാനുള്ള മനസ്സ് സ്വാർത്ഥതയില്ലാത്തവർക്കേ ഉണ്ടാകൂ.

വിവാഹശേഷവും മാതാവിന്റെ മടിയിൽ കിടന്നുറങ്ങാൻ താത്പര്യപ്പെടുന്ന, അമ്മ ഉണ്ടാക്കുന്ന ഭക്ഷണം തന്നേ വേണമെന്നു നിർബന്ധംപിടിക്കുന്ന, മാതാവിന്റെ അഭിപ്രായം അറിഞ്ഞ് അതിനനുസരിച്ച് തീരുമാനമെടുക്കുമെന്ന് ഭാര്യയോട് നിർബന്ധംപിടിക്കുന്ന മകൻ, താൻ ഉണ്ടാക്കുന്ന ഭക്ഷണമേ അവന് പിടിക്കുകയുള്ളൂ എന്ന് നിർബന്ധംപിടിക്കുന്ന അമ്മ, ഇവരൊക്കെ വിട്ടുപിരിയലിന്റെ തത്വത്തിന് എതിരായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. അവരുടെ അമ്മയുമായുള്ള പൊക്കിൾക്കൊടി മുറിക്കുവാൻ താത്പര്യമില്ലാത്തവരാണ്. അവർ പരാജയപ്പെടും; പരാജയപ്പെടുന്ന സംഭവങ്ങൾ ധാരാളം നമുക്ക് കാണാം. വിട്ടുപിരിയാനുള്ള കൽപ്പന, മാനുവൽ നിർദ്ദേശം, ഉൾക്കൊള്ളാൻ സാധിക്കാത്ത ഒരു വ്യക്തി വിവാഹജീവിതത്തിൽ പരാജയത്തിലേക്ക് പോയാൽ അതിന്റെ ഉത്തരവാദിത്വം ആ പുരുഷന് തന്നെയാണ്. പക്ഷേ ആ പുരുഷനെ വളർത്തിക്കൊണ്ടുവന്ന മാതാപിതാക്കൾ അവന് ആവശ്യമായ കാഴ്ചപ്പാടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടും ആകാം. മിക്കപ്പോഴും; സ്വന്തം ഭർത്താവിൽ ഒരു ഭാര്യ പ്രതീക്ഷിക്കുന്ന ഇക്കാര്യം തന്റെ മകന്റെ കാര്യത്തിൽ വരുമ്പോൾ ശ്രദ്ധിക്കാതെപോകുന്നത് സ്വാർത്ഥതയാണ്; അറിവില്ലായ്മയാണ്.

അമ്മയിൽ കണ്ട നല്ലകാര്യങ്ങൾ തന്റെ ഭാര്യയിലും കാണുവാൻ ആഗ്രഹിക്കുന്ന ഒരു പുരുഷൻ, ഭാര്യയിൽ അത് കാണാതെവരുമ്പോൾ, അമ്മയെ പ്രശംസിക്കാനും ഭാര്യയെ കുറ്റപ്പെടുത്താനും തയ്യാറാകാതെ, വളരെ തന്ത്രപരമായി ഇലക്കും മുള്ളിനും കേടില്ലാത്തവിധത്തിൽ ഭാര്യയോട് പറയുവാൻ സാധിക്കുന്നത് ഒരു കല തന്നെയാണ്; ഭാര്യയോടുള്ള പക്വതയുള്ള കരുതൽ ആണ്. വളരെ വിദഗ്ധമായി അക്കാര്യം പഠിച്ചേ മതിയാകൂ. ഇതൊന്നും ജന്മനാ ലഭിക്കുന്നതോ നിമിഷകവിത ഉണ്ടാക്കുന്നതോ പോലെ ആയിരിക്കുകയില്ല. ഒരു ജീവിതകാലം മുഴുവൻ കാത്തുസൂക്ഷിക്കേണ്ട ബന്ധം ഒരു പുതിയ മാനേജരുടെ കീഴിൽ ജോലി ചെയ്യുവാൻ ചേരുമ്പോൾ സ്വീകരിക്കേണ്ട നയപരമായ, ബുദ്ധിപരമായ നിലപാടുകളെക്കാൾ വിദഗ്ധമായി വിവാഹജീവിതത്തിൽ പ്രാവർത്തികമാക്കണം. ഒരു മാനേജരെയോ ജോലിയോ വിട്ടുകളഞ്ഞ് പുതിയത് ഒന്ന് എടുക്കുന്നതിന് സാദ്ധ്യതകൾ ധാരാളം ഉണ്ട്. എന്നാൽ ജീവിതപങ്കാളിയോട് മരണംവരെ നിലനിൽക്കുന്ന ഒരു ബന്ധമാണ് ദൈവവചനം അനുശാസിക്കുന്നത്; വിവാഹ ശുശ്രൂഷ നടത്തുന്ന ശുശ്രൂഷകർ പ്രബോധിക്കുന്നത്. അതിന് അതിന്റേതായ ഗൗരവവും പ്രാവീണ്യവും കൊടുക്കേണ്ടതാണ്.

(ശേഷം പേജ് 14 – ൽ)



ജീവിത സായാഹ്നം



ഡോ. നെൽസൺ എബ്രഹാം

# "നിശ്ചലകൃപ" (Steadfast Love and Grace)

**ദൈ**വത്തിന്റെ കൃപ എന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരമാണല്ലോ. ആ ശിലയിലാണ് നമ്മുടെ വിശ്വാസജീവിതം കെട്ടിപ്പടുത്തിരിക്കുന്നത് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. ദൈവം തന്റെ ജനത്തെ നയിക്കുമ്പോൾ അവൻ നൽകിയിട്ടുള്ള ഒരു വലിയ വാഗ്ദത്തം "ദാവീദിന്റെ നിശ്ചലകൃപകൾ" എന്ന പേരിലാണ് പകർന്നിരിക്കുന്നത്. ഈ പദം വചനത്തിൽ ചില ഭാഗങ്ങളിൽ കാണപ്പെടുന്നുണ്ട്.

യെശയ്യാവ് 55:3-ൽ പിതാവ് നമ്മെ അവങ്കലേക്ക് മാടി വിളിക്കയല്ലോ. "നിങ്ങൾ ചെവി ചായിച്ച് എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വതനിയമം ഞാൻ നിങ്ങളോടു ചെയ്യും." ഈ വചനം നമ്മെ ത്രസിപ്പിക്കുന്നു. ശ്രദ്ധയോടെ, മറ്റൊരുവനിലും രക്ഷയില്ല എന്ന തിരിച്ചറിവോടെ അവങ്കലേക്ക് നാം മടങ്ങിച്ചെല്ലുമ്പോൾ എന്നും നിലനിൽക്കുന്ന (Everlasting) ശാശ്വതമായ ജീവൻ നമുക്ക് കർത്താവ് നൽകിത്തരും, ദാവീദിന്റെ ജീവിതത്തിൽ ലഭിച്ച കൃപകൾ നമുക്കും കർത്താവ് കൃപയാൽ വാഗ്ദാനംചെയ്തിരിക്കുന്നു. അപ്പൊ. പ്രവൃത്തി. 13:34ലും സമാനമായ ചിന്ത പൌലൊസ് നമുക്കു നൽകുന്നു. "ഇനി ദ്രവത്വത്തിലേക്ക് തിരിയാതവണ്ണം അവൻ അവനെ മരിച്ചവരിൽനിന്ന് എഴുന്നേൽപ്പിച്ചതിനെക്കുറിച്ച് അവൻ. 'ദാവീദിന്റെ സ്ഥിരമായുള്ള വിശുദ്ധ കൃപകളെ ഞാൻ നിങ്ങൾക്കു നൽകും' എന്ന് പറഞ്ഞിരിക്കുന്നു." ഇത്തരുണത്തിൽ ദാവീദിന്റെ നിശ്ചലകൃപകളെ പഠിക്കയും, അത് ഇന്ന് നമ്മിൽ ഓരോരുത്തരിലേക്കും ദൈവം എങ്ങനെ വ്യാപരിപ്പിക്കുന്നു എന്ന് ചിന്തിക്കാം, മനസ്സിലാക്കാം, നമ്മുടെ ജീവിതത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താം.

ദാവീദിന്റെ കൃപകൾ എന്ന പദം എന്ത് സൂചിപ്പിക്കുന്നു?

**1. ദൈവം ദാവീദിന് നൽകിയ ഒരു പ്രത്യേക വാഗ്ദത്തം**

2 ശമുവേൽ 7-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അവന്റെ രാജവംശം എന്നേക്കുമായി നിലനിൽക്കും എന്ന് ദൈവം അവനോട് കൽപ്പിച്ചു. 2 ശമുവേൽ 7:16 "നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്റെ മുമ്പാകെ എന്നേക്കും സ്ഥിരമായിരിക്കും; നിന്റെ സിംഹാസനവും എന്നേക്കും ഉറെച്ചിരിക്കും." എന്നു കാണുന്നു.

ഇത് കർത്താവായ യേശുക്രിസ്തുവിൽ പൂർണ്ണതയിൽ നിവർത്തിയായി. (ലൂക്കൊസ് 1:32, 33) "അവൻ വലിയവൻ ആകും, അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും. അവൻ യാക്കോബ്ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു." ദൂതൻ മറിയയോട് പറഞ്ഞ ഈ വാക്കുകൾ നമുക്കും കേൾക്കാൻ സാധിക്കണം.

**2. 'നിശ്ചലമായ' അഥവാ 'വിശ്വസ്തമായ' കൃപ**

മാറിപ്പോകാത്ത, എന്നും നിലനിൽക്കുന്ന കൃപയാണ് ദൈവം ദാവീദിന് നൽകിയത്. സങ്കീർത്തനം 89:28,29-ൽ വായിക്കുന്ന പ്രകാരം "ഞാൻ അവന്നു എന്റെ ദയയെ എന്നേക്കും കാണിക്കും; എന്റെ നിയമം അവന്നു സ്ഥിരമായി നിൽക്കും. ഞാൻ അവന്റെ സന്തതിയെ ശാശ്വതമായും

അവന്റെ സിംഹാസനത്തെ ആകാശമുള്ള കാലത്തോളവും നിലനിർത്തും. അപ്രകാരം തന്റെ വിശ്വസ്തദാസനായി ദാവീദിനെ നിലനിർത്തിയതുപോലെ നമ്മേയും നിലനിർത്തേണ്ടതിനായി നമ്മെ പുതുക്കണം. ഈ കൃപകൾ കാലാവധിയില്ലാതെ നിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. സങ്കീർത്തനം 89:28-36 വരെയുള്ള വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ ചട്ടങ്ങളെ ലംഘിക്കയും കൽപ്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്താൽ വടികൊണ്ടും ദണ്ഡനംകൊണ്ടും നേർവഴിക്കാക്കും എന്ന് തിരിച്ചറിയുക, എങ്കിലും അവന്റെ ദയയെ നമ്മിൽനിന്ന് നീക്കിക്കളയാതെ, വിശ്വസ്തതക്ക് ഭംഗംവരാതെ നിലനിർത്തും എന്ന് നാം തിരിച്ചറിയണം. യേശുക്രിസ്തുവിലൂടെ കൃപയാലുള്ള രക്ഷ നാം അനുഭവിക്കുന്നത് ദാവീദിന്റെ നിശ്ചലകൃപയുടെ അനന്തരഫലവും നിവർത്തിയുമാണ് (അപ്പൊ. പ്രവൃത്തി 13;34)

ദാവീദ് ആരായിരുന്നു?

യിശ്ശായി പുത്രനായ ദാവീദ് 1 ശമൂവേൽ 16; 12-ൽ കാണുന്ന പ്രകാരം പവിഴനിറമുള്ളവൻ, സുനേത്രൻ, പരമാർത്ഥി, ദോഷമില്ലാത്തവൻ (1 ശമൂവേൽ 29:6) കിന്നരവായനയിൽ നിപുണൻ, പരാക്രമശാലി, യോദ്ധാവ്, വാക്ചാതുര്യമുള്ളവൻ, യഹോവ കൂടെയുള്ളവൻ (1 ശമുവേൽ 17:18)

ഇതിൽ ഉപരിയായി 1 ശമൂവേൽ 18:14-ൽ പ്രകാരം

*1. വിവേകമുള്ളവൻ* (Wisdom) ദാവീദ് എല്ലാ വഴികളിലും വിവേകത്തോടെ നടന്നു. യഹോവ അവനോടു കൂടെയുണ്ടായിരുന്നു." എന്താണ് വിവേകം എന്ന് നാം നന്നായി അറിയണം. ഇയ്യോബ് 28:28-ൻ പ്രകാരം ദോഷം അകന്നു നടക്കുന്നത് വിവേകം. സദൃശവാക്യങ്ങൾ 2:11 വിവേകമുള്ളയാൾ ആയിരിക്കണം എന്നു ഉദ്ബോധിപ്പിക്കുന്നു. വിവേകം നിന്നെ സൂക്ഷിക്കും, അതു നിന്നെ ദുഷ്ടന്റെ വഴിയിൽനിന്നും വികടം പറയുന്നവരുടെ കൂട്ടത്തിൽനിന്നും വിടുവിക്കും" വിവേകിയുടെ അധരങ്ങളിൽ ജ്ഞാനം ഉണ്ട് എന്നും സദൃശവാക്യങ്ങൾ 10:13 നമ്മെ പഠിപ്പിക്കുന്നു. പ്രിയരേ, ജീവിതസായാഹ്നത്തിൽ നമ്മിലേക്ക് ഒന്ന് തിരിഞ്ഞു നോക്കി മാറേണ്ടതിനെ മാറ്റിനിർത്തി വിവേകശാലികളായി ജീവിച്ച് ദാവീദിനു ലഭിച്ച നിശ്ചലകൃപയുടെ ഭാഗമാകുവാൻ പരിശ്രമിക്കാം, പ്രാപിക്കാം.

*2. ധൈര്യശാലി:* (Consegenous) 1 ശമുവേൽ 30:6-ൽ കാണുന്നപ്രകാരം ജനം അസ്വസ്ഥതപ്പെട്ട്, വ്യസനിച്ച്, കുറ്റം പറയുന്നവരായി മാറിയപ്പോൾ ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു എന്നു കാണാം. ആക്ഷേപത്തിന്റെ മുമ്പിൽ സമർപ്പണം ഉള്ളവനായിരുന്നു ദാവീദ് എന്ന് കാണാം. നഷ്ടപ്പെട്ടതിനെ തിരികെ നേടുവാൻ ദാവീദിന് യഹോവ നൽകിയ ധൈര്യം തന്റെ നിശ്ചലകൃപയുടെ ഭാഗമാണ്.

*3. അനുസരണം* (Obedience) 2 ശമുവേൽ 5:25-ൽ പ്രവാചകൻ ദാവീദിന്റെ അനുസരണം പ്രകീർത്തിക്കുന്നു. "യഹോവ കൽപ്പിച്ചതുപോലെ ദാവീദ് ചെയ്തു. (ഫെലിസ്ത്യരെ ഗേബമുതൽ ഗേസെർ വരെ തോൽപ്പിച്ചു.)

വേദപണ്ഡിതർ ദാവീദിൽ കണ്ട അനുസരണത്തിനെ മൂന്നുവിധത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ദാവീദ് യഹോവയോട് a. വ്യവസ്ഥകളില്ലാത്ത അനുസരണം (unconditionel obedience), b. ചോദ്യം ചെയ്യാത്ത അനുസരണം (unquestioning obedience), c. വൈകിപ്പോകാത്ത അനുസരണം (undelayed obedience) എന്നിവ അനുഷ്ഠിച്ചിരുന്നു. അനുസരണംമൂലം ഏറെ വിലയേറിവരായ അനേകം പിതാക്കന്മാരെ വചനം വരച്ചുകാട്ടുന്നു.

അബ്രാഹാം നോഹ, ദാനീയേൽ, ശിഷ്യന്മാർ മറിയം മുതൽ അനേകം വ്യക്തിത്വങ്ങളെ അനുസരണയുള്ളവരായി വചനം നമുക്ക് മാതൃകയാക്കി നിർത്തിയിരിക്കുന്നു.

*4. ഉയർച്ച, വളർച്ച* (Growth Greatness)

സൈന്യങ്ങളുടെ ദൈവമായ യഹോവ തന്നോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് ദാവീദ് മേൽക്കുമേൽ പ്രബലനായിത്തീർന്നു. (2 ശമൂവേൽ 5:10) 2 ശമുവേൽ 5:12 ദാവീദിന്റെ നിശ്ചലകൃപയെ അറിയിക്കുന്നത് ഇപ്രകാരമാണ് "ഇങ്ങനെ യഹോവ യിസ്രായേലിൽ തന്നെ രാജാവായി സ്ഥിരപ്പെടുത്തുകയും അവന്റെ ജനമായ യിസ്രായേൽ നിമിത്തം തന്റെ രാജത്വം ഉന്നതമാക്കുകയും ചെയ്തു". തന്റെ മുപ്പതാം വയസ്സിൽ ദാവീദ് യിസ്രായേലിൽ രാജാവായി 40 സംവത്സരം വാണു.

*6. മാനസാന്തരം, പശ്ചാത്താപം* (Repentence)

ദാവീദിന്റെ ജീവിതം അപാകതകളും, പാപങ്ങളും നിറഞ്ഞതായിരുന്നു എങ്കിലും, അവൻ മാനസാന്തരപ്പെടുകയും, ദൈവത്തെ ആഴത്തിൽ സ്നേഹിക്കുകയും ചെയ്തു എന്ന് നമുക്കറിയാം. സങ്കീർത്തനങ്ങൾ നമ്മെ ധ്യാനത്തിലേക്ക് നയിക്കുന്നത് ദാവീദിന്റെ വേദനയുടെ സ്വരത്തിലൂടെയും പ്രത്യാശയുടെ വചനങ്ങളിലൂടെയും ആണല്ലോ.

അപ്പൊ. പ്രവൃ. 13:22-ൽ ദാവീദിനെ യഹോവക്ക് ബോധിച്ച പുരുഷനായി കണ്ടു. ദാവീദ് 89-ാം സങ്കീർത്തനത്തിന്റെ ഒന്നാം വാക്യത്തിൽ യഹോവയുടെ കൃപകളെക്കുറിച്ച് "ഞാൻ എന്നേക്കും പാടും, തലമുറതലമുറയോളം എന്റെ വായ്കൊണ്ട് നിന്റെ വിശ്വസ്തതയെ അറിയിക്കും" എന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു. തകർച്ചയിൽ കൈവിടാത്ത ആ അനന്ത സ്നേഹത്തിന്റെയും കരുണയുടെയും കൃപയുടെയും നിറവിൽ നമുക്കും ചേർന്നുനിൽക്കാൻ ഇടവരേണം. അതിനായി പ്രാർത്ഥിക്കാം ജാഗരിക്കാം.

(ശേഷം പേജ് 12 - ൽ)



വനിതാ വിചാരം



ലീലാമ്മ ഉമ്മൻ

# ഹാമാന്റെ ഭാര്യ സേരെശ്

അഹശ്വേരോശ്‌രാജാവിന്റെ ഭരണകാലത്ത് പ്രധാന മന്ത്രിസ്ഥാനം അലങ്കരിച്ചിരുന്ന ഹാമാൻ - ഹാമാൻ ആഗാഗ്യനായ ഹമ്മെദാഥയുടെ മകൻ ആയിരുന്നു. ഹാമാന് അഹശ്വേരോശ്‌രാജാവ് ഉന്നതപദവിയും സ്ഥാനക്കയറ്റവും കൊടുത്ത് അവന്റെ ഇരിപ്പിടം തന്നോടുകൂടെ ഇരിക്കുന്ന സകല പ്രഭുക്കന്മാരുടെയും ഇരിപ്പിടങ്ങൾക്ക് മേലായി വെച്ചു. (എസ്ഥേർ 3:1) ഹാമാന്റെ ഭാര്യയായിരുന്നു സേരെശ്; ഒരു വ്യത്യസ്ത വ്യക്തിത്വത്തിന് ഉടമയായ സേരെശ് - ഇവൾ പത്ത് ആൺമക്കളുടെ മാതാവിയുന്നു. (എസ്ഥേർ 9:7-9) സേരെശിന് തന്റെ കുടുംബജീവിതത്തിൽ ഒരു ഉത്തമ ഭാര്യയായിരിപ്പാൻ സാധിച്ചില്ല. അഹങ്കാരിയും സ്വയം പ്രശംസാപാത്രവും മറ്റുള്ളവരോട് സ്നേഹമായി പെരുമാറുവാൻ അറിയാത്തവനുമായ ഹാമാനെ നല്ലവഴിക്ക് നടത്താൻ സേരെശിന് കഴിഞ്ഞില്ല.

അഹശ്വേരോശ്‌രാജാവിന്റെ അന്തഃപ്പുരവിചാരകനായ മൊർദ്ദെഖായിയോടുള്ള ഹാമാന്റെ നീരസം മൊർദ്ദെഖായിയെ ഉന്മൂലനംചെയ്യാനുള്ള പദ്ധതിയായി പരിണമിച്ചു. രാജകൊട്ടാരത്തിൽ എസ്ഥേർരാജ്ഞി ഒരുക്കിയ വിരുന്നിൽ ഹാമാന് ലഭിച്ച പ്രത്യേക ക്ഷണം ഹാമാനെ സന്തോഷവാനാക്കി. യെഹൂദനായ മൊർദ്ദെഖായി തന്നെ ആദരിക്കുകയോ തന്നെ വന്ദിക്കുകയോ ചെയ്യാതിരിക്കുന്നത് കാണുമ്പോൾ ദേഷ്യവും വെറുപ്പും അവന്റെ ഹൃദയത്തിൽ സഹിക്കാവതല്ലാതായി. എന്നാൽ ഇതൊന്നും പുറത്ത്കാണിക്കാതെ ഉള്ളിൽ ഒതുക്കി അവന്റെ ഭാര്യയായ സേരെശിനെയും സ്നേഹിതന്മാരെയും കാര്യങ്ങൾ ധരിപ്പിച്ചു. രാജാവ് അവന് നൽകിക്കൊണ്ടിരിക്കുന്ന ഉന്നതപദവിയും മറ്റും കൊണ്ട് അവന് ഒരു തൃപ്തിയും ലഭിക്കുന്നില്ലായിരുന്നു. മൊർദ്ദെഖായിയെ എങ്ങിനെയെങ്കിലും നശിപ്പിക്കണമെന്നുള്ള ചിന്തയുമായി നടന്ന അവന് അവന്റെ ഭാര്യയായ സേരെശിൽനിന്നും സ്നേഹിതന്മാരിൽനിന്നും തക്കതായ ഉപദേശം ലഭിച്ചു. അവരുടെ ആലോചനപ്രകാരം മൊർദ്ദെഖായിയെ തൂക്കിക്കൊല്ലുവാൻ തക്കവണ്ണം 50 മുഴം ഉയരമുള്ള ഒരു കഴുമരം ഉണ്ടാക്കി. രാജാവിന്റെ അടുക്കൽ മൊർദ്ദെഖായിയെ അതിൽ തൂക്കുവാൻ തക്കവണ്ണം അപേക്ഷിക്കുവാൻ പോയ ഹാമാന് അതിനുള്ള അവസരം ലഭിച്ചില്ല. അതിനുമുമ്പേ എസ്ഥേർരാജ്ഞിയിൽനിന്നു സത്യാവസ്ഥകൾ അറിഞ്ഞ രാജാവ് മൊർദ്ദെഖായിയെ രാജവസ്ത്രവും കിരീടവും ധരിപ്പിച്ച് രാജാവിന്റെ കുതിരപ്പുറത്ത് കയറ്റി പട്ടണവീഥികളിലൂടെ ആനയിക്കാനുള്ള ചുമതല ഹാമാനെ ഏല്പിച്ചു. രാജകല്പന ഹാമാന് ഏറ്റെടുക്കേണ്ടിവന്നു. അത് അവന് അവന്റെ എല്ലാ അഹങ്കാരപ്രവർത്തികൾക്കുമുള്ള ഒരു അടിയേൽക്കൽ ആയി മാറി. ലജ്ജിതനായി ഹാമാൻ വീട്ടിൽ തിരിച്ചെത്തി വിവരങ്ങൾ ഭാര്യയെയും സ്നേഹിതന്മാരെയും അറിയിച്ചു. അപ്പോഴും അവർ ഹാമാനെ കുറ്റംവിധിച്ചുകൊണ്ടിരുന്നു. യെഹൂദനായ മൊർദ്ദെഖായിയുടെ മുമ്പിൽ നിൽക്കാനുള്ള കഴിവ് ഹാമാനില്ലെന്നും മറ്റും അവനെ അധിക്ഷേപിച്ചുകൊണ്ടിരുന്നു.

വീട്ടിൽ തിരിച്ചെത്തി ഹാമാൻ വിവരങ്ങൾ അറിയിച്ചപ്പോൾ ഇങ്ങനെയൊക്കെ സംഭവിക്കാതിരിക്കണമായിരുന്നു എങ്കിൽ അവന്റെ ഭാര്യയായ സേരെശ് അതിവിവേകത്തോടെ പ്രവർത്തിക്കണമായിരുന്നു. അവൾക്ക് ഹാമാനെ ഇപ്രകാരം ഉപദേശിക്കാമായിരുന്നു, "നിനക്ക് ഒരു ദോഷവും ചെയ്യാത്ത നീതിമാനായ മനുഷ്യനോട് നീ വെറുതെ ശണ്ഠ

യിടരുത്" എന്നുള്ള ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവന്റെ ദുർചിന്തയിൽനിന്നും പിന്തിരിപ്പിക്കാമായിരുന്നു. എന്നാൽ അവളുടെയും മനസ്സിൽ നീതിമാനായ മൊർദ്ദെഖായിയെ ഇല്ലായ്മ ചെയ്യണമെന്നുള്ളതായിരുന്നു. ഒടുവിൽ എന്തുണ്ടായി? ഇതുമൂലം മൊർദ്ദെഖായിക്കുവേണ്ടി ഒരുക്കിയ കഴുമരത്തിൽ ഹാമാനെ തൂക്കുവാൻ വിധിക്കപ്പെട്ടു. സ്വന്തമായി ഉണ്ടാക്കിയ കഴുമരത്തിൽ അവൻ തന്നേ തൂക്കപ്പെട്ടു. സേരെശിന്റെ ഈ പ്രവർത്തിയിൽനിന്നും നമുക്ക് എന്ത് പാഠം പഠിക്കാൻ സാധിച്ചു.? ഈ പ്രവർത്തിയിലൂടെ വിവേകമില്ലാത്ത ഒരു സ്ത്രീയുടെ സ്വഭാവത്തെയും അതുമൂലമുണ്ടായ അനർത്ഥങ്ങളെയും കാണിക്കുന്നു. ഒരു സ്ത്രീ എപ്പോഴും ഉത്തമമായ സ്വഭാവത്തിന് ഉടമയാകണം. സാമർത്ഥ്യമുള്ള ഒരു ഭാര്യയെക്കുറിച്ച് സദൃശവാക്യങ്ങൾ 31:10-31 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചു പറഞ്ഞിരിക്കുന്നു.

ദൈവജനത്തെ ഉപദ്രവിക്കുവാനും കൊല്ലുവാനും ശ്രമിക്കുന്ന ശക്തികളെ ദൈവം തുടച്ചുനീക്കും. ഹാമാന്റെ ഗൂഢാലോചന മൂലം തെറ്റ് ആവർത്തിച്ചത് വിവേകശാലിയും ജ്ഞാനശീലയുമായ ഒരു ഉത്തമ ഭാര്യയായി നിന്നുകൊണ്ട് ഹാമാനെ നേർവഴിക്ക് കൊണ്ടുവരുവാൻ സേരെശ് പരിശ്രമിച്ചില്ല. അങ്ങിനെ ചെയ്തിരുന്നു എങ്കിൽ അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബമായി ഹാമാന്റെ കുടുംബം മാറിയേനെ. ജ്ഞാനികളിൽ ജ്ഞാനിയായ ശാലോമോൻ പറയുന്നു, "വിവേകമില്ലാത്ത ഒരു സുന്ദരി പന്നിയുടെ മൂക്കിൽ പൊൻമൂക്കുത്തിപോലെ" എന്ന്. (സദൃശവാക്യങ്ങൾ 11:22) വീണ്ടും പറയുന്നു. "സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്നു ഒരു കിരീടം; നാണംകെട്ടവളോ അവന്റെ അസ്ഥികൾക്ക് ദ്രവത്വം." (സദൃശവാക്യങ്ങൾ 12:4)

പ്രിയമുള്ളവരേ, നമ്മുടെ പ്രാർത്ഥനകൾമൂലം, പ്രവർത്തികൾമൂലം, ആത്മീയ ശുശ്രൂഷകൾമൂലം അനേകരുടെ ജീവിതത്തിന് വ്യതിയാനങ്ങൾ വരുത്തുവാൻ സാധിക്കും. സമൂഹത്തിൽ, കുടുംബങ്ങളിൽ ദുഷ്ടചിന്തകളുമായി നടക്കുന്നവരെ നേരായ പാത കാട്ടിക്കൊടുക്കുവാൻ നാം വിവേകത്തോടെ, ജ്ഞാനത്തോടെ പ്രവർത്തിക്കുന്നവർ ആകണം. അങ്ങിനെ നാം മറ്റുള്ളവർക്ക് ഒരു മാതൃകയാകണം. സേരെശിനെപ്പോലെ ബുദ്ധിഹീനയാകാതെ, വിവേകമില്ലാത്തവൾ ആകാതെ ദൈവമക്കളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു ഉത്തമ ഭാര്യയായിരിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.!

(തുടരും)

●●●

(പേജ് 10 - ൽ നിന്നും)

ദാവീദിന്റെ കൃപകളുടെ പ്രസക്തി നമ്മുടെ നിത്യജീവിതത്തിൽ എന്താണ്?

*1. പ്രത്യാശയുടെ ഉറവിടം*


ദാവീദിന് ദൈവം അനുവദിച്ച കൃപകൾ, നമ്മെ ദൈവം ഒരിക്കലും കൈവിടില്ല എന്ന ഉറപ്പു നൽകുന്നു. നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, പാപം നമ്മെ തളർത്തിക്കളയുമ്പോൾപ്പോലും, ദൈവം നമ്മെ പാപത്തിൽനിന്ന് പിന്മാറി അവനോടൊപ്പം ചേരുവാൻ ക്ഷണിക്കുകയാണ്, തിരികെ സ്വീകരിപ്പാൻ തയ്യാറുമാണ്. സങ്കീർത്തനം 89:33-ൽ കാണുന്നപ്രകാരം 'എങ്കിലും എന്റെ ദയയെ ഞാൻ അവങ്കൽനിന്നു നീക്കിക്കളകയില്ല; എന്റെ വിശ്വസ്തതെക്കു ഭംഗം വരുത്തുകയുമില്ല." ഈ വചനം ദൈവസ്നേഹം, അവന്റെ കൃപ, നമ്മിലേക്ക് നിരന്തരമായി വന്നുകൊണ്ടിരിക്കുന്നതിന്റെ ദൃഷ്ടാന്തമാണ്.

*2. തിരികെ വരുവാൻ ക്ഷണിക്കുന്ന കർത്താവ്*

യെശയ്യാവ് 55:3-ൽ കർത്താവ് നമ്മെ പ്രവാചകൻ മുഖേന ക്ഷണിക്കയാണ് "നിങ്ങൾ ചെവി ചായിച്ച് എന്റെ അടുക്കൽ വരുവിൻ" ഈ വലിയ സ്നേഹം നമ്മെ അവങ്കലേക്ക് തിരികെ വരാൻ വിളിക്കുന്നു. ഈ വാക്യം അതിന്റെ പൂർണ്ണതയിൽ യേശുവിൽക്കൂടി നിവൃത്തിയായിരിക്കുന്നു. അവനിൽ മാത്രമേ ഈ കൃപകൾ പൂർണ്ണമായി ആസ്വദിക്കാൻ കഴിയുകയുള്ളൂ.

ജീവിതത്തിന്റെ ഓട്ടപ്പന്തയത്തിൽനിന്ന് മാറി നിന്ന് നിസ്തുല്യനായ കർത്താവിന്റെ കൃപയുടെ തണലിൽ ദാവീദിന് അലങ്കാരമായിരുന്ന മാറാത്ത കൃപയുടെ അംശികളാകുവാൻ ദൈവം നമ്മെയും തിരഞ്ഞെടുക്കേണ്ടതിന് പ്രാർത്ഥിക്കാം, പ്രത്യാശിക്കാം.

●●●



**'കർക്കശമായ നീതിയേക്കാൾ സമ്പന്നമായ ഫലങ്ങൾ കാരുണ്യം നൽകുന്നുണ്ടെന്ന് ഞാൻ എപ്പോഴും കണ്ടെത്തിയിട്ടുണ്ട്.'**

– എബ്രഹാം ലിങ്കൺ –



യൂത്ത്
കോർണർ



Rev. ബേസിൽ
ജോർജ്

# ഭക്ഷണത്തോടുള്ള ആസക്തി

വളരെ അസാധാരണമായി തോന്നാവുന്ന ഒരു ആസക്തിയെക്കുറിച്ചാണ് ഇപ്പോൾ നാം ചിന്തിക്കുന്നത്. ആരോഗ്യകരമായ ഭക്ഷണം നമുക്കെല്ലാവർക്കും ആവശ്യമാണ്. എന്നാൽ ഭക്ഷണത്തോടുള്ള ആസക്തി അഥവാ വൈകാരികമായി ഭക്ഷണംകഴിക്കുന്ന ശീലം, അത് നിയന്ത്രിക്കപ്പെടേണ്ട ഒന്ന് തന്നെയാണ്. വളരെ അപകടകരമായ രീതിയിൽ വർദ്ധിച്ചുവരുന്ന ഒരു അഡിക്ഷൻ ആണിത്.

ഈ ആസക്തിയുടെ ചില ലക്ഷണങ്ങൾ:

- വിശക്കാത്തപ്പോഴും കഴിക്കുക
- ജീവിതത്തിൽ സമ്മർദ്ദമോ സങ്കടമോ വിരസതയോ തോന്നുമ്പോൾ അമിതമായി ഭക്ഷണം കഴിക്കുക
- ഭക്ഷണം കഴിച്ചുകഴിയുമ്പോൾ കുറ്റബോധം തോന്നുക
- മാനസിക സംതൃപ്തിക്ക്വേണ്ടിയുള്ള ഭക്ഷണം കഴിക്കൽ

സദൃശ്യവാക്യങ്ങൾ 23:20, 21-ൽ അനിയന്ത്രിതമായ ഭക്ഷണത്തോടുള്ള ആസക്തി വിമർശിക്കപ്പെടുന്നുണ്ട്. അത് ഭക്ഷണത്തിന്റെ അളവിൽ മാത്രമല്ല ദൈവത്തിൽ സന്തോഷം കണ്ടെത്തുന്നതിന് പകരം ഭക്ഷണത്തിൽ കണ്ടെത്തുമ്പോൾ അതൊരു ആത്മീകപ്രശ്നമായി മാറുന്നു. മാത്രവുമല്ല ഈ ആസക്തിയിൽ വിഗ്രഹാരാധനയുടെ ഒരു വലിയ സാധ്യത കിടക്കുന്നുണ്ട്. "അവരുടെ ദൈവം വയറ്" എന്ന് ഫിലിപ്പിയർ 3:19-ൽ പൌലൊസ് അപ്പൊസ്തലൻ പറയുന്നതിൽനിന്ന് ദൈവത്തിനുവേണ്ടി ജീവിക്കുന്നതിനെക്കാൾ ഭക്ഷണത്തിനുവേണ്ടി ജീവിക്കുമ്പോൾ അത് അവരുടെ ദൈവമായി മാറുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. അനാരോഗ്യകരമായ ഭക്ഷണശീലങ്ങളിലൂടെ നാം നമ്മുടെ ശരീരത്തെ നശിപ്പിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മന്ദിരത്തെയാണ് നാം നശിപ്പിക്കുന്നത് (1 കൊരിന്ത്യർ 6:19, 20).

### വചനാധിഷ്ഠിത മനോഭാവം

*ഒന്നാമതായി* ഒരു ദൈവപൈതൽ തന്റെ സംതൃപ്തി കണ്ടെത്തേണ്ടത് ദൈവത്തിലാണ്. സങ്കീർത്തനം 107:9-ൽ ആർത്തിയുള്ളവന് തൃപ്തിവരുത്തുകയും വിശപ്പുള്ളവനെ നന്മകൊണ്ട് നിറെക്കുകയും ചെയ്യുന്ന ദൈവത്തെ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടാണ് ഭക്ഷണം കഴിക്കുന്നതിനു മുന്നേ പിതാക്കന്മാർ എത്ര വിശന്നിരുന്നാലും കുടുംബപ്രാർത്ഥന നടത്തിയിരുന്നത്. ഭക്ഷണത്താൽ അല്ല, ദൈവത്താൽ തൃപ്തിവരുന്നു എന്ന ആശയമാണ് അവിടെ പങ്കുവെക്കപ്പെട്ടിരുന്നത്.

*രണ്ടാമതായി* ആത്മനിയന്ത്രണം ശീലിക്കുക. ആത്മാവിന്റെ ഫലമായി ഇന്ദ്രിയജയം ചൂണ്ടിക്കാണിക്കപ്പെടുന്നു (ഗലാത്യർ 5:23). ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ ആശ്രയിച്ചുകൊണ്ട് നമ്മുടെ

ഭക്ഷണശീലങ്ങളെ നിയന്ത്രിക്കുവാനും വൈകാരികമായി നമ്മളെ നിയന്ത്രിക്കുവാനും പഠിക്കുക. ക്രിസ്തീയജീവിതത്തിൽ ഉപവാസം ഒരു ആത്മീക ശിക്ഷണമായി നാം വളർത്തിയെടുക്കണം.

*മൂന്നാമതായി,* ജീവിതത്തിൽ ആകുലത ഉണ്ടാകുമ്പോഴും വിരസത ഉണ്ടാകുമ്പോഴും ഭക്ഷണം കഴിക്കുന്ന ശീലങ്ങൾ ഉള്ളവർ ആ സമയങ്ങളിൽ ആത്മീയ ശിക്ഷണത്തിനായി ശ്രമിക്കുക. ആകുലതകൾ പ്രാർത്ഥനയിൽ ദൈവസന്നിധിയിൽ അർപ്പിക്കുക. നമ്മുടെ സങ്കടങ്ങളും വേദനകളും ഒരു ഡയറിയിൽ എഴുതുക. ദൈവത്തിന്റെ കരുതലും സംരക്ഷണവും തിരിച്ചറിയത്തക്കവണ്ണം തിരുവെഴുത്തുകളിലേക്ക് തിരിയുക.

*നാലാമതായി* ഭക്ഷണത്തോടുള്ള ആസക്തി പാപമാണെന്ന് ഏറ്റുപറയുക.

*അഞ്ചാമതായി* നമുക്ക് ലഭിച്ചതിന് നന്ദിപറയുകയും വളരെ സാവധാനം ദൈവം നൽകിയ നന്മകൾ ആസ്വദിക്കുകയും ചെയ്യുക.

ജീവിതം ആസ്വദിക്കാനുള്ളതാണെന്നും അത് തിന്നും കുടിച്ചുമാണ് ആസ്വദിക്കേണ്ടത് എന്നും ചിന്തിച്ചുവെച്ചിരിക്കുന്ന അനേകം വിശ്വാസികളും ഉണ്ട്. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറഞ്ഞ ഭോഷനായ ധനവാനെക്കുറിച്ച് ബൈബിൾ പറയുന്നുണ്ട് (ലൂക്കൊസ് 12:19). അവനെ ദൈവം വിളിച്ചത് 'മൂഢാ' എന്നാണ്. യെശയ്യാ പ്രവചനം 22:12, 13-ൽ ദൈവം ജനത്തെ മാനസാന്തരപ്പെടുവാനും അനുതപിക്കുവാനും വിളിക്കുമ്പോൾ അവരുടെ മനോഭാവം തിന്നുക, കുടിക്കുക, നാളെ മരിക്കുമല്ലോ എന്നിങ്ങനെയായിരുന്നു. നോഹയുടെ കാലഘട്ടത്തിലും ലോത്തിന്റെ കാലഘട്ടത്തിലും ഇതേ മനോഭാവമാണ് ആ തലമുറ വച്ചുപുലർത്തിയത് (ലൂക്കൊസ് 17:27, 28). ഇവിടുത്തെ എല്ലാം പ്രശ്നം ദൈവവിഷയമായി സമ്പന്നനാകാതെ ഭൗതികമായി ജീവിതം ആസ്വദിക്കുന്ന നിലയിൽ ജീവിതത്തെ നോക്കിക്കാണുന്നതിനെ ബൈബിൾ വിമർശിക്കുകയാണ് (ലൂക്കൊസ് 12:21). അതുകൊണ്ടാണ് പൌലൊസ് അപ്പൊസ്തലൻ പറയുന്നത്, 'മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ നാം തിന്നുക കുടിക്കുക നാളെ ചാകുമല്ലോ' (1 കൊരിന്ത്യർ 15:32). മരണത്തോടെ എല്ലാം അവസാനിക്കുമായിരുന്നുവെങ്കിൽ പരമാവധി തിന്നുകയും കുടിക്കുകയും ചെയ്താൽ മതിയായിരുന്നു. എന്നാൽ നമ്മുടെ വിശ്വാസം അനുസരിച്ച് മരണത്തിനപ്പുറത്ത് ഒരു ജീവിതമുണ്ട്. ആ ജീവിതത്തിനുവേണ്ടി ആത്മീയമായി സമ്പന്നരാകുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. അതിന്നായി നമുക്ക് സമർപ്പിക്കാം. ●●●

---

(പേജ് 8 - ൽ നിന്നും)

മറ്റൊരു ചോദ്യം വരാൻ സാധ്യതയുള്ളത് : ആ നിർദ്ദേശം സ്ത്രീയോട് അനുശാസിക്കുന്നില്ലല്ലോ എന്നതാണ്. ഭാര്യ വിവാഹത്തോടുകൂടി സ്വന്തം ഭവനത്തിൽനിന്ന് വേർപെട്ട് പുരുഷന്റെ ഭവനത്തിലെ അംഗമായിത്തീരുന്ന വ്യവസ്ഥിതിയാണ് ബൈബിളിൽ ഉള്ളത് (മക്കത്തായം). ഭാര്യമാർ അവരുടെ ഭവനങ്ങളിൽനിന്ന് ഭർത്താക്കന്മാരുടെ ഭവനങ്ങളിലേക്ക് വന്നുചേരുകയാണ്. ആയതിനാൽ അത് പ്രത്യേകം പറയേണ്ട ആവശ്യമില്ല. എന്നാൽ ഭർതൃഗൃഹത്തിൽ വസിക്കുന്ന പുരുഷന്മാർക്ക്, അവരുടെ മാതാപിതാക്കളുമായി ഉണ്ടായിരിക്കേണ്ട ബന്ധം, പ്രത്യേകമായി എടുത്ത് പറയേണ്ടതായിട്ടുണ്ട്.

ഈ വിട്ടുപോരലും മാതാപിതാക്കളെക്കുറിച്ചുള്ള കരുതലും രണ്ടും രണ്ടായി മനസ്സിലാക്കണം. മാതാപിതാക്കളെ കരുതുക എന്നുള്ളത് മക്കളുടെ ചുമതലയാണ്, ആൺമക്കൾ ഇല്ലാത്തവരോ ആൺമക്കളുടെ സഹായങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിലോ പെൺമക്കൾ അവരുടെ മാതാപിതാക്കളെയും കരുതുന്നവരായിരിക്കണം.

ആയതിനാൽ കഴിയുമെങ്കിൽ പുതിയ കുടുംബം കഴിവതും കൂട്ടുകുടുംബം ആയിരിക്കാതെ സ്വതന്ത്രമായിരിക്കണം. അതേസമയം പുരുഷന്റെയോ സ്ത്രീയുടെയോ മാതാപിതാക്കൾക്ക് സ്വയം ജീവിക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ അവർ മക്കളുടെകൂടെ താമസിക്കത്തക്ക ക്രമീകരണങ്ങൾ ചെയ്യണം. പക്ഷേങ്കിൽ ആ കുടുംബത്തിൽ ഗൃഹനാഥൻ ആ മകൻ ആയിരിക്കണം. ഗൃഹനാഥ ആ മകളും. അവരായിരിക്കണം മാനേജേഴ്സ്. മക്കളുടെ, അഭിപ്രായങ്ങൾ ആരാഞ്ഞ് കാര്യങ്ങൾ ചെയ്യുവാൻ മനസ്സുള്ളവർ ആയിരിക്കണം ഗൃഹനാഥനും ഗൃഹനാഥയും; അതുപോലെ ആ ആലോചനകൾ മാതാപിതാക്കളോടും ചെയ്യാം.

അങ്ങനെ, വിവാഹിതരാകുന്ന പുരുഷനും സ്ത്രീയും തത്വത്തിൽ അവരുടെ മാതാപിതാക്കളെ വിട്ടുപിരിഞ്ഞു ഒരു പുതിയ കുടുംബമായിത്തീരുന്ന അവസ്ഥയാണ് ദൈവവചനം വിവക്ഷിക്കുന്നത്. അവരുടെമേൽ ഇരുവരുടെയും മാതാപിതാക്കളുടെ ആവശ്യമില്ലാത്ത നിയന്ത്രണവും സ്വാധീനവും ഉണ്ടാകുവാൻ പാടില്ല. അതിന്റെ അർത്ഥം പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ മാതാപിതാക്കളെ തികച്ചും അവഗണിച്ചുള്ള വ്യവസ്ഥിതി അല്ല എന്നുകൂടെ ഓർത്തിരിക്കണം. ആവശ്യത്തിലിരിക്കുന്നവരെ കരുതുമ്പോൾത്തന്നെ അവർ ഈ പുതിയ കുടുംബത്തിന്മേൽ അനാവശ്യ സ്വാധീനങ്ങൾ ചെലുത്താൻ സമ്മതിക്കരുത്. ●●●

ടീച്ചർ



ആലീസ് ബേബി



# ലോകത്തിലെ ഏറ്റവും വലിയ നിധി

ഒരിക്കൽ അക്ബർചക്രവർത്തി ബീർബലിനോട് ഒരു കാര്യം ചോദിച്ചു. "ബീർബൽ ഈ ലോകത്തിലെ ഏറ്റവും വലിയ നിധി എന്താണ്?" ബീർബൽ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "ക്ഷമിക്കണം ചക്രവർത്തി ഈ ചോദ്യത്തിനുള്ള ഉത്തരം എനിക്ക് കൊട്ടാരത്തിൽവെച്ച് നൽകാൻ സാധിക്കില്ല. അങ്ങ് എന്റെകൂടെ പുറത്തേക്കു വരണം". അക്ബർ. ബീർബൽ പറഞ്ഞതനുസരിച്ച് പുറത്തേക്കു പോയി. അവർ നടന്നു നടന്ന് ഒരു തെരുവിലെത്തിയപ്പോൾ അവിടെയൊരു ഭിക്ഷക്കാരൻ തന്റെ കീറിയ വസ്ത്രത്തിനുള്ളിൽ ഒരു കൊച്ചു പൂച്ചക്കുഞ്ഞിനെ പൊതിഞ്ഞുപിടിച്ച് തണുപ്പിൽനിന്ന് സംരക്ഷിക്കുന്നതു കണ്ടു. ഭിക്ഷക്കാരന്റെ കണ്ണുകളിൽ വാത്സല്യം നിറഞ്ഞിരുന്നു. ബീർബൽ ചക്രവർത്തിയോട് പറഞ്ഞു. മഹാരാജാവേ, അങ്ങയുടെ ചോദ്യത്തിനുള്ള ഉത്തരം ഇതാണ്. ഭിക്ഷക്കാരന് സ്വന്തമായി ഒന്നുമില്ല എങ്കിലും പൂച്ചക്കുഞ്ഞിനോടുപോലും സ്നേഹംകാണിക്കാൻ അയാൾക്ക് സാധിക്കുന്നു. ഈ ലോകത്തിലെ ഏറ്റവും വലിയ നിധി സ്നേഹമാണ്.

അവർ കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ ഒരമ്മ തന്റെ കുട്ടിയെ ചേർത്തുപിടിച്ച് ഉമ്മവെക്കുന്നതു കണ്ടു. ആ അമ്മയുടെയും കുഞ്ഞിന്റെയും മുഖത്തെ സന്തോഷം കണ്ടപ്പോൾ ബീർബൽ പറഞ്ഞു "മഹാരാജാവേ അങ്ങയുടെ ചോദ്യത്തിനുള്ള മറ്റൊരു ഉത്തരം ഇതാ. അമ്മക്ക് തന്റെ കുട്ടിയോടുള്ള സ്നേഹത്തിന്റെ മുന്നിൽ ലോകത്തിലെ മറ്റൊന്നും ഒന്നുമല്ല. ലോകത്തിലെ ഏറ്റവും വലിയ നിധി സ്നേഹം തന്നേ.

പ്രിയപ്പെട്ടവരേ,നമുക്ക് ലോകത്തിൽജീവിക്കാൻദൈവം അവസരം തന്നു. നമുക്ക് ലഭിക്കുന്ന ഓരോ അവസരങ്ങളും മറ്റുള്ളവരെ സ്നേഹിക്കാനും കരുതാനും നാം തയ്യാറാകണം. എങ്കിൽ മാത്രമെ നമ്മുടെ ജീവിതം ധന്യമാകൂ.

മത്തായി 22:39, മർക്കൊസ് 12:31, ലൂക്കൊസ് 10:27, യാക്കോബ് 2:8, ഗലാത്യർ 5:14, ഈ വാക്യങ്ങളിലെല്ലാം യേശുക്രിസ്തു നമ്മെ ഓർമ്മപ്പെടുത്തുന്നു. കൂട്ടുകാരനെ നിന്നെപ്പോലെതന്നേ സ്നേഹിക്കേണം."

1 യോഹന്നാൻ 4:7 – ൽ "പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക, സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു". ഇവിടെ സ്നേഹത്തിന്റെ മഹത്വത്തെക്കുറിച്ച് നമുക്ക് മനസ്സിലാക്കുന്നതിന് സാധിക്കുന്നു.

നാം അന്യോന്യം സ്നേഹിക്കുന്നവരായി മാറാൻ ദൈവം നമ്മെ സഹായിക്കട്ടെ...

●●●

# ഒക്ടോബർ

| MORNING FELLOWSHIP<br>എല്ലാ ദിവസവും | HINDI : 5.00 am – 6.15 am<br>ID https://meet.google.com/gdhnyycvjy | MALAYALAM : 5.40 am – 6.40 am<br>ID https://meet.google.com/iibyyvdseq |
|---|---|---|

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻസെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

### മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 03.10.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്റേത്ത്) | കുഴൂർ (പോക്കാട്ട് ശ്രീ. ബേബി ജോർജ്ജിന്റെ ഭവനം) |
| 04.10.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| | | 12 Pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 10.10.2025 | വെള്ളി | 10 am - 1 pm | ഡോക്സ വാർഷികം | മിഷൻസെന്റർ |
| 11.10.2025 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | അറയ്ക്കപ്പടി (താണിമോളത്ത് ഐക്കരക്കുടി ശ്രീമതി ഗ്രേസി വിൽസന്റെ ഭവനം) |
| 12.10.2025 | ഞായർ | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | മേക്കടമ്പ് (മടത്തിനാമറ്റത്തിൽ Late ശ്രീ. എം. ജെ. കുര്യാക്കോസിന്റെ ഭവനം) |
| 18.10.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |
| 23.10.2025 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി. വി. ജോസഫിന്റെ ഭവനം) |
| 24.10.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | വായ്ക്കര (വൈശ്യംപറമ്പിൽ ശ്രീ. ടോണി തമ്പിയുടെ ഭവനം) |
| 25.10.2025 | ശനി | 10 am - 12 pm | ഉപവാസ പ്രാർത്ഥന | മിഷൻസെന്റർ |

# തളരാതെ മുന്നോട്ട്

## ഛത്തീസ്ഗഡിലെ നമ്മുടെ പ്രവർത്തകരും വിശ്വാസികളും



കാർഗാനിയിലെ വിശ്വാസികൾ



മുംഗേലിയിലെ വിശ്വാസികൾ



സാംഡിലിലെ വിശ്വാസികൾ




പ്രവർത്തക മീറ്റിംഗിന് ശേഷം



ആരാധനക്ക് ശേഷം വിശ്വാസികൾ



ഭവനകൂട്ടായ്മയിൽ നിന്നും

ഏറെ പ്രതികൂലങ്ങൾക്കിടയിലുടെയാണ് ഛത്തീസ്ഗഡിലെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. എതിർപ്പുകൾ മൂലം ദിവസവും സമയവും മാറ്റി മാറ്റി ക്രമീകരിച്ചാണ് കൂടിവരവുകൾ നടന്നുവരുന്നത്. ഞായറാഴ്ചകളിൽ രാവിലെ 6.00 മണി മുതൽ വ്യത്യസ്തയിടങ്ങളിൽ വ്യത്യസ്തസമയങ്ങളിൽ ആരാധന ക്രമീകരിക്കുന്നു. തടസ്സങ്ങൾമൂലം മുംഗേലിയിലെ ചർച്ചിന്റെ പണികൾ താത്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. ബിലാസ്പുർ, മുംഗേലി, ജില്ലകളിലെ നമ്മുടെ ശുശ്രൂഷകന്മാർ എതിർപ്പുകളുടെയും, പ്രതിസന്ധികളുടെയും മദ്ധ്യേ ദൈവാശ്രയത്തോടെ തങ്ങളെ ഏൽപ്പിച്ച സുവിശേഷവേല നിർവ്വഹിച്ചുവരുന്നു. ഛത്തീസ്ഗഡിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബ്ര. രാമേശ്വർ സാഹു, ബ്ര. രാജേഷ്കുമാർ സാഹു, മറ്റ് ഇവാഞ്ചലിസ്റ്റുമാർ, നമ്മുടെ വിശ്വാസികൾ എന്നിവരെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കണമേ.



സജി കെ.എസ്.
(ഫീൽഡ് കോ-ഓർഡിനേറ്റർ)

# ആലയപുന

## മഹാരാഷ്ട്രയിലെ ശാലേം

2008-ൽ മഹാരാഷ്ട്രയിലെ ഗോന്ദിയ ജില്ലയിൽ നമ്മൾ മിഷൻ ഫീൽഡ് ആരംഭിച്ചു. വിശ്വാസികൾക്ക് വീടുകളിൽ കൂടിവരാൻ കഴിയാതവണ്ണം അവരുടെ എണ്ണം വർദ്ധിച്ചപ്പോൾ 2011-ൽ സ്ഥലം വാങ്ങിച്ച് 2012-ൽ ആരാധനാലയത്തിന്റെ പണി പൂർത്തീകരിച്ച് ആരാധന ആരംഭിച്ചു. ഇപ്പോൾ വിശ്വാസികളുടെ വർദ്ധനവുനിമിത്തം നിലവിലുള്ള ആലയത്തിനകത്ത് ആരാധനക്ക് കൂടിവരുവാൻ സൗകര്യമില്ലാത്തതിനാൽ ആലയവിസ്തൃതി കൂട്ടുവാൻ തിരുമാനിച്ച് ശിലാസ്ഥാപനം നിർവ്വഹിച്ചു.









# :നിർമ്മാണം

## . ഗോസ്പൽ മിഷൻ ചർച്ച്



ഞങ്ങൾ ആദ്യമായാണ് ഇ.ജി.എം. ഓഫ് ഇന്ത്യയുടെ മഹാരാഷ്ട്ര ഫീൽഡിൽ പോകുന്നത്. അവിടത്തെ മിഷന്റെ വേല കണ്ട് ഒത്തിരി സന്തോഷിച്ച് ഞാൻ സ്തോത്രം ചെയ്തു. വിശ്വാസികൾക്ക് ഒരു മിച്ചിരിക്കുവാനുള്ള അസൗകര്യങ്ങൾ ഞാൻ മനസ്സിലാക്കി. മിഷന്റെ ഈ ആവശ്യത്തിനായി നമുക്കു ചുമൽകൊടുക്കാം. ദൈവം സഹായിച്ചാൽ സെപ്റ്റംബർമാസം അവസാനം നാം ആലയത്തിന്റെ പുന:നിർമ്മാണം വിശ്വാസത്തോടെ ആരംഭിക്കുകയാണ്. എല്ലാവരും പ്രാർത്ഥിക്കുകയും ഈ സാധുക്കളെ ഇക്കാര്യത്തിൽ സഹായിക്കുകയും ചെയ്യണമേ!

ജോസ് റ്റി. എസ്.
(ഗോസ്പൽ ടീം തൃശൂർ ജില്ലാ സെക്രട്ടറി)











വിക്രം റാം സിംഗ് വാസവ, ഗുജറാത്ത്



അഞ്ജനി സാഹു, ഛത്തീസ്ഗഢ്

# വീട് സ്വപ്നംകാണാൻ കഴിയാത്തവർക്ക്
## സുരക്ഷിതരായി രാപാർക്കുവാൻ
## കൃപാ ഭവൻ ദാൻ യോജന എന്ന ഭവനദാന പദ്ധതി



രാമേശ്വർ സാഹു, ഛത്തീസ്ഗഢ്



ഭരത് പട്ടേൽ, രാജസ്ഥാൻ

നമ്മുടെ മിഷൻ ഫീൽഡുകളിൽ വീടില്ലാത്ത, ഇലകൾകൊണ്ടോ പ്ലാസ്റ്റിക്ക് ചാക്കുകൊണ്ടോ മറച്ചുകെട്ടി താമസിക്കുന്നവർക്കായി 3 മുതൽ 4 ലക്ഷം രൂപ വരെചിലവു വരുന്ന സാധാരണ വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയാണ് കൃപാ ഭവൻ ദാൻ യോജന. നാം ഇതുവരെ നാലു വീടുകളുടെ പണി തീർത്ത് താക്കോൽദാനം നിർവ്വഹിച്ചു. മുകളിൽ കാണിച്ചിരിക്കുന്ന നാലു വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ വർഷം ഡിസംബർമാസത്തോടെ 12 വീടുകളുടെ പണി പൂർത്തീകരിക്കണമെന്നു കർത്താവിൽ പ്രത്യാശിക്കുന്നു. ദൈവമക്കളുടെ സഹായവും പ്രാർത്ഥനയും ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് കരുത്താകട്ടെ.

നമ്മുടെയും നമ്മുടെ മക്കളുടെയും വിവാഹം, ജോലി, വീട് എന്നീ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടുമ്പോൾ, 400 sq. ft. മാത്രം വരുന്ന ഒരു കൊച്ചുവീട് നിർമ്മിച്ചു നൽകുന്നതിൽ പങ്കുചേരുവാൻ സാധിക്കുമോ? അവർക്കിത് അത്യാവശ്യവും നമുക്കിത് കടമയുമല്ലേ? ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി നമുക്ക് കൈകോർക്കാം. പ്രാർത്ഥിക്കുമല്ലോ!

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **ദാനീയേൽ 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ, ബാവി റെഡ്ഡി, മധപന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, ധുംഗ ആദിനാരായണ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **ദാനീയേൽ 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി) അമർസിംഗ്
**വിഷയങ്ങൾ** : സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ദാനീയേൽ 9, 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ) അജിത്ത് കുമാർ റേ, ജോൺസ് ലീഡർ നാസറസി
**വിഷയങ്ങൾ** : സബീന- ശരീര വേദന സൗഖ്യത്തിനായും, മാനസാന്തരത്തിനായും, എല്ലാ വിശ്വാസികളും ആത്മീയമായി വളരുവാനും, വേലയുടെ അനുഗ്രഹത്തിനും വളർച്ചക്കുമായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ദാനീയേൽ 11, 12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി, പ്രസാദ് റാം, ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : ഷീല-സുഖ പ്രസവത്തിനായും, മുന്നി, തുളസി-നെഞ്ചു വേദന, അശോക്, രവി, സഞ്ജയ് - മദ്യപാനത്തിൽനിന്നും വിടുതലിനായും, കാഞ്ചൻ- കുടുംബ സമാധാനത്തിനായും ദുൻഖർതോലയിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനാ കൂട്ടായ്മയുടെ വളർച്ചക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ഹോശേയ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഫീൽഡിൽ വേല വളരുന്നതിനായി പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **ഹോശേയ 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : മുന്ന-കാൻസർ, ജാഗൻ-തളർവാതം, ദേവലി-ഷുഗർ, ഇവരുടെ സൗഖ്യത്തിനായും, ഉഷ-കുടുംബ സമാധാനത്തിനായും ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **ഹോശേയ 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ റ്റുഡു
**വിഷയങ്ങൾ** : മൽബാരി- ഫീൽഡിലെ സണ്ടേസ്കൂൾ കുട്ടികൾക്കായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **ഹോശേയ 10–12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ശിവനാരയൺ സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്‌റെ, രാജേന്ദ്രകുമാർ പട്ടേൽ, ശ്യാംകുമാർ കിഷോർ, ധന്യേശർസിംഗ് മാർക്കം, ചന്ദ്രകുമാർ ടാൻടൻ
**വിഷയങ്ങൾ** : ദശരഥൻ - കഴുത്തിലും, നെഞ്ചിലും മുറിവ്, ഇത്വാരി - കാൻസർ, രമേശ് - അലർജി, സന്തോഷി - പൈൽസ്, ഷുഗർ, കൗസല്യ - ഷുഗർ, പൂനം - കാഴ്ചയില്ല, കുസും - തൈറോയിഡ്, പ്രമേഹം, മൂത്രതടസ്സം, ജ്യോതി - പൈൽസ് ഇവരുടെ സൗഖ്യത്തിനായും, ബസന്ത് - സാത്താന്യ ബന്ധനം വിടുതലിനായും, ബൽറാം, ദുർഘേഷ്, ഹിതേഷ് - കടബാധ്യത മാറുവാനും ജോലി ലഭിക്കുവാനും, സുനിത, ഛായ - മക്കളില്ലാതെ ഭാരപ്പെടുന്നു. പ്രകാശ് - മാനസാന്തരത്തിനായും, റായ്ഗഡ് ഗ്രാമത്തിലെ വേലയുടെ അനുഗ്രഹത്തിനും, ഉർഗ ഗ്രാമത്തിൽ ചർച്ചു പണിയുന്നതിനായും, എല്ലാ വിശ്വാസികളും ആത്മീയായി വളരുവാനും, ഫീൽഡിലെ വേലയുടെ അനുഗ്രഹത്തിനായും സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **ഹോശേയ 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : ആനന്ദ്, മധു, എലീശ, ഗംഗാ - പനി, രാണു - പീലിയ സൗഖ്യത്തിനായും, ഗംഗാറാം, വികാസ്, രോഹിത്ത്, ഗോദാവരി, സർവാൻ, ആനന്ദ്, താക്കൂർ, വിനയ് - മാനസാന്തരത്തിനായും, അഞ്ചനി വീടുപണിയുടെ അനുഗ്രഹത്തിനായും, ഹൊറിലാൽ - സുവിശേഷ വിരോധിയാണ്, മാനസാന്തരത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **യോവേൽ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂററ്റ്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആശേർ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : രോഹിത്ത് - കഴുത്തിൽ മുഴ, സുരതി ശരീരത്തിന് നീര്, വേദന സൗഖ്യത്തിനായും, ജയമാല - കുടുംബത്തിലെ എല്ലാവരുടെയും മാനസാന്തരത്തിനായും, ഗംഗാപൂർ ഗ്രാമത്തിലെ എല്ലാ രോഗികൾക്കായും, ഗംഗാപൂർ, ഉദംപൂർ, ആമ്പലിബാരി എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും, ഗംഗാപൂർ ഗ്രാമത്തിൽ സുവിശേഷവിരോധികൾ ഒത്തിരി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വിടുതലിനായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **ആമോസ് 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **ആമോസ് 4–7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **ആമോസ് 8, 9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഗംഗാറാം, ദേവ്റാം, പെലാഡ - റ്റി.ബി. കൃഷ്ണ - കാലിനു വേദന ഇവരുടെ സൗഖ്യത്തിനായും ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **ഓബദ്യാവു, യോനാ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **യോനാ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : രാജേഷ് - സ്നേഹ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനാകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 16

**വായനഭാഗം** : **മീഖാ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലളിത് ജനബന്ധു, സായിനാഥ് മല്ല
**വിഷയങ്ങൾ** : അനുസേയ - വൃഷ്ണ വീക്കം, വൈശാലി - ബ്ലഡ് കുറവ്, ക്ഷീണം സൗഖ്യത്തിനായും, സുരേന്ദ്ര മെശ്രാം - പുതിയതായി വിശ്വാസത്തിൽ വന്നു. വിശ്വാസജീവിതത്തിൽ ദൃഢപ്പെടുവാനും, നേഹ, ഗീത, സിന്ധു, പൃഥിരാജ്, ഷീല, വീണ - ഇവരുടെ കുടുംബത്തിന്റെ അനുഗ്രഹത്തിനായും, പ്രഭ - വിധവയാണ്, ദൈവിക കരുതലിനായും, ഖുശ്ബു ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, പ്രാർത്ഥിക്കാം.

## 17

**വായനഭാഗം** : **മീഖാ 4–7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകർ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി, ഏയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 18

**വായനഭാഗം** : **നഹൂം 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകർ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 19

**വായനഭാഗം** : **ഹബക്കൂക്ക് 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 20

**വായനഭാഗം** : **സെഫന്യാവു 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൊട്ടഗ്രാ)
**പ്രവർത്തകർ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : ക്രസ്റ്റീന - BSc നേഴ്സിംഗ് പഠനത്തിന്റെ അനുഗ്രഹത്തിനായും, മാർക്ക്, സാമുവേൽ, പ്രകാശ് സുന്ദർ - മാനസാന്തരത്തിനായും പ്രേയർ ഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 21

**വായനഭാഗം** : **ഹഗ്ഗായി 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ഹത്മുനിഗുഡ)
**പ്രവർത്തകർ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : പത്മസേന - സ്വന്തമായൊരു ഭവനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 22

**വായനഭാഗം** : **സെഖര്യാവു 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (കൽഹണ്ടി)
**പ്രവർത്തകർ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 23

**വായനഭാഗം** : **സെഖര്യാവു 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡിഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: ഏയ്ഞ്ചൽ) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : മുന്ന - കുടുംബമായി വിശ്വാസത്തിലേക്ക് കടന്നു വരുവാനും സീന - കുടുംബത്തിന്റെ അനുഗ്രഹത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **സെഖര്യാവു 7–9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : ജ്യോതി, ജോൺസൻ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ധർമ്മേന്ദ്ര - കുടുംബസമാധാനത്തിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **സെഖര്യാവു 10–12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ഭാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ്, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്
**വിഷയങ്ങൾ** : സംഗീത - ബ്ലീഡിംഗ്, രോഹിത്ത് - കൈകാലുകൾക്ക് വേദന, രമേഷ് - ചുമ ഇവരുടെ സൗഖ്യത്തിനായും, ബസുനി, കേസർവാട, രാംഗഡ്, ജോട, ബിലിപാഡ തുടങ്ങിയ ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **സെഖര്യാവു 13, 14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേലവളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **മലാഖി 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സൂസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റോ (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : മുച്ചല ഫീൽഡിലെ ചർച്ച് പണിയുടെ പൂർത്തികരണത്തിനായും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **മലാഖി 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **മത്തായി 1–4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : വികാസ് ലാൽ (ഭാര്യ: മംമ്ത,മകൻ: എനോക്ക്), ഗുഡു ബഹദൂർ, (ഭാര്യ: ഗുൺവന്തി, മകൾ: ആര്യ) ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ പ്രവർത്തനങ്ങൾ ഫീൽഡിൽ ഒത്തിരി പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **മത്തായി 5–7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെബ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു, ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : ഉമ - മഞ്ഞപ്പിത്തം, ആദർശ് - വയറിളക്കം, പ്രിയങ്ക - പനി, തലവേദന, സോനമനി - തലകറക്കം, തലവേദന, ബനാർഹട്ട്, കട്ടൽഗുരി ഗ്രാമങ്ങളിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 31

**വായനഭാഗം** : **മത്തായി 8, 9 അദ്ധ്യായങ്ങൾ**
**വിഷയങ്ങൾ** : ലിസ്സി, സോണിയ, അന്നമ്മ, തോമസ് - കടബാധ്യത മാറുവാനും അന്ന, ബേസിൽ, മാത്യു, ഷാജി - ജോലി ലഭിക്കുവാനും, ടോണി, ബിപിൻ, ജോയൽ, ബ്ലസൻ - വിദേശത്ത് ജോലിയുടെ അനുഗ്രഹത്തിനായും, ചാക്കോ, കുര്യൻ - വീടുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.



Rev. സണ്ണി കെ. ജോൺ

# രാഷ്ട്രത്തോടുള്ള കടമ

ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മചെയ്ക; എന്നാൽ അവനോടു പുകഴ്ച ലഭിക്കും. നിന്റെ നന്മെക്കായിട്ടല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നതു; നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെ അല്ല അവൻ വാൾ വഹിക്കുന്നതു; അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നേ. അതുകൊണ്ടു ശിക്ഷയെ മാത്രമല്ല മനസ്സാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം. അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവശുശ്രൂഷകന്മാരും ആ കാര്യം തന്നേ നോക്കുന്നവരുമാകുന്നു. എല്ലാവർക്കും കടമായുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവന്നു നികുതി; ചുങ്കം കൊടുക്കേണ്ടവന്നു ചുങ്കം; ഭയം കാണിക്കേണ്ടവന്നു ഭയം; മാനം കാണിക്കേണ്ടവന്നു മാനം. (റോമർ 13:1–7)

മിക്ക യെഹൂദന്മാരും റോമാ മേൽക്കോയ്മയെ വെറുത്തിരുന്നു. യെഹൂദക്രിസ്ത്യാനികളെയും ഈ ചിന്താഗതി സ്വാധീനിച്ചിരിക്കാം. അതുകൊണ്ടായിരിക്കാം സാമ്രാജ്യത്തിന്റെ തലസ്ഥാനനഗരത്തിൽ പാർക്കുന്ന ക്രിസ്ത്യാനികൾക്ക് രാഷ്ട്രത്തോടുള്ള കടമയെക്കുറിച്ച് ഉപദേശം നൽകുന്നതിന് പൌലൊസ് തുനിഞ്ഞത്.

ഭരണാധിപന്മാരുടെ അധികാരം ദൈവദത്തം എന്ന് യെഹൂദന്മാർ വിശ്വസിച്ചിരുന്നു. ദാനീയേൽ 4:28 കാണുക. ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ എന്ന് നൽകിയ ഉപദേശം റോമാ മേൽക്കോയ്മയെ ഏതു മാർഗ്ഗവും ഉപയോഗിച്ചും തകർക്കണം എന്നുള്ള തീവ്രവാദികളുടെ നിലപാടിന് കടകവിരുദ്ധമായിരുന്നു. ഈ ആശയം മത്തായി 26:52–ൽ കാണുന്ന കർത്താവിന്റെ മനോഭാവത്തോട് അനുയോജ്യമായിരിക്കുന്നു.

3–5 വരെയുള്ള വാക്യങ്ങളിൽ അധികാരം പ്രയോഗിക്കുന്നത് നന്മയെ രക്ഷിക്കുന്നതിനും തിന്മയെ ശിക്ഷിക്കുന്നതിനും വേണ്ടിയാണെന്ന് പൌലൊസ് പറയുന്നു. അതിനാൽ സമൂഹത്തിന് നന്മ വരുത്തുന്ന കാര്യങ്ങളിൽ ഭരണകൂടവുമായി സഹകരിക്കുന്നതിനുള്ള കടമ ഒരു ക്രിസ്ത്യാനിക്ക് ഉണ്ട് എന്ന് സിദ്ധിക്കുന്നു. തിന്മ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭരണകൂടവുമായി നിസ്സഹകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇവിടെ നിഷേധിച്ചിട്ടില്ല. കൈസർക്കുള്ളത് കൈസർക്കു കൊടുപ്പിൻ എന്ന കർത്താവ് നൽകിയ കൽപ്പനയുടെ വിശദീകരണമായി 7–ാം വാക്യത്തെ ഗണിക്കാവുന്നതാണ്. സമാധാനപരമായ ജീവിതം നയിക്കണമെങ്കിൽ അനേക കാര്യങ്ങളിൽ പൗരന്മാർ അന്യോന്യം സഹകരിക്കുകയും ഗവൺമെന്റുമായി സഹകരിക്കുകയും ചെയ്യേണ്ടത് ആവശ്യം തന്നേ.

ഭരണകൂടത്തോടുള്ള ചുമതലകളെക്കുറിച്ച്

ഇവിടെ കാണുന്നതുപോലെയുള്ള ഉപദേശം 1 തിമൊഥെയൊസ് 2:1-2. വാകൃങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. റോമാഗവൺമെന്റ് ക്രിസ്ത്യാനികളെ പീഡിപ്പിച്ച കാലത്തും അവർ അധികാരികളോട് വിശ്വസ്തത പാലിച്ചിരുന്നു എന്ന് രക്തസാക്ഷിയായ ജസ്റ്റിൻ, തെർത്തുല്ല്യൻ തുടങ്ങിയവരുടെ ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കാം. അനീതിയെയും അന്യായത്തെയും തടഞ്ഞ്നിർത്തുന്നതിനും അമർത്തുന്നതിനും ദൈവം ഉപയോഗിച്ച ആയുധമായി പൗലൊസ്അപ്പൊസ്തലൻ റോമാഭരണത്തെ വീക്ഷിച്ചിരുന്നു. 2 തെസ്സലൊനീക്യർ 2:6 നോക്കുക

●●●


പ്രാർത്ഥനാ സഹായത്തിന്

## ഗാർഡിയൻ പ്രേയർ സെൽ

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

**Call: 9446610923** | E-mail: guardianprayercell@gmail.com
www.egmofindia.com

## ഡോക്സ
## കൗൺസലിംഗ് സെന്റർ

അല്ലപ്ര, പെരുമ്പാവൂർ

ONLINE SESSION AVAILABLE

കുട്ടികൾക്കും മുതിർന്നവർക്കും കൂടാതെ ഫാമിലി കൗൺസിലിംഗും ലഭ്യമാണ്.
കൂടുതൽ വിവരങ്ങൾക്കും, ബുക്ക് ചെയ്യുന്നതിനും
വിളിക്കേണ്ട നമ്പർ : 9495980654




## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............. വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :............................................................ ഒപ്പ്:....................



# ക്രിസ്തുവിന്നായി മുദ്രയടിക്കപ്പെട്ടവൻ

ലീനാർഡ് റാവൻഹിൽ

ഒരു പ്രത്യേക അർത്ഥത്തിൽ മനുഷ്യരെല്ലാവരും അന്യോന്യം അപരിചിതർ അത്രെ. സുഹൃത്തുക്കൾ തന്നെയും വാസ്തവമായി തമ്മിൽ തമ്മിൽ അറിയുന്നില്ല. ഒരു മനുഷ്യനെ അറിയുന്നതിന് പരമ്പരാഗതവും സാഹചര്യാത്മകവുമായ സ്വാധീനതകളെപ്പറ്റി നന്നായറിയുന്നതോടൊപ്പം തന്നെ, അവൻ ഇന്ന് ആയിരിക്കുന്ന അവസ്ഥയിലേക്ക് അവനെ രൂപപ്പെടുത്തുന്നതിന് അവൻ നടത്തിയിട്ടുള്ള അസംഖ്യങ്ങളായ ധാർമ്മിക തിരഞ്ഞെടുപ്പുകളെപ്പറ്റിയും അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. എന്നിട്ടും നമുക്ക് അന്യോന്യം വാസ്തവമായി അറിയാൻ കഴിയുന്നില്ലെങ്കിലും, ഒരു മനുഷ്യന്റെ ജീവിതഗതിയെ കണ്ടുപിടിക്കാനുള്ള ഉദ്യമം നമുക്ക് സമൃദ്ധമായ പ്രതിഫലമാണ് നൽകുന്നത്. പ്രത്യേകിച്ചും അവനെ മുന്നോട്ടു നടത്തിയ പ്രേരകശക്തികളെ നാം കാണുവാനിടയായിത്തീരുമ്പോൾ ഉദാഹരണത്തിനായി, പില്ക്കാലങ്ങളിൽ പൌലൊസ് എന്നറിയപ്പെട്ട തർസൊസുകാരനായ ശൌലിനെ ഇളക്കിമറിച്ച ക്രിസ്തുവിൻ ജീവന്റെ അതേ തിരയടിയും. "ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു." (ഗലാത്യർ 6:17) എന്നുള്ള അവന്റെ വാക്കുകളുടെ അർത്ഥത്തിന്റെ നിഗൂഢമായ ആഴങ്ങളും നമ്മെ അല്പമെങ്കിലും നിവർന്നുനിൽക്കുമാറാക്കിയെങ്കിൽ എന്റെയും നിങ്ങളുടെയും ജീവിതം എത്രയോ വളരെ പ്രയോജനമുള്ളതായിത്തീരുമായിരുന്നു!

'യേശുവിന്റെ ചൂടടയാളം ഞാൻ എന്റെ ശരീരത്തിൽ വഹിക്കുന്നു" എന്ന വാക്കുകളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം നിശ്ചയമാണ്. അവ ക്രിസ്തുവിൻ ഉടമാവകാശത്തിന്റെ അംഗീകാരം ആയിരുന്നു. പൌലൊസ് കർത്താവായ യേശുക്രിസ്തുവിന്റെ വകയായിരുന്നു. ശരീരാത്മദേഹികൾ ഒന്നാകെ അവൻ ക്രിസ്തുവിന്നായ് മുദ്രയടിക്കപ്പെട്ടവൻ ആയിരുന്നു. ക്രിസ്തുവിന്റെ പഞ്ചമുറിവുകൾ തന്റെ ശരീരത്തിൽ താൻ വഹിക്കുന്നു എന്നു പൌലൊസ് അവകാശപ്പെട്ടപ്പോൾ, എ.ഡി. 1224-ൽ അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസ് ചെയ്തതുപോലെ ക്രൂശിതനായ ക്രിസ്തുവിനുണ്ടായപ്രകാരം തന്നിലും പഞ്ചമുറിവുകൾ ഉണ്ടായി എന്നു അവകാശപ്പെടുകയല്ലായിരുന്നു. ബാഹ്യ അനുകരണത്തിലൂടെയുള്ള ഒരു ശാരീരിക താദാത്മ്യത്തെക്കുറിച്ചല്ല, പ്രത്യുത ആന്തരിക ക്രൂശീകരണത്തിലൂടെയുള്ള ഒരു ആത്മീയ ഏകീഭാവത്തെക്കുറിച്ചത്രെ പൌലൊസ് പറയുന്നത്. അവൻ "ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കയായിരുന്നു." (ഗലാത്യർ 2:20)

പൌലൊസിന്റെ ആന്തരിക ക്രൂശീകരണത്തിന്റെ അടയാളങ്ങൾ തികച്ചും വ്യക്തമാണ്. ഒന്നാമത്, പൌലൊസ് കർത്തവ്യനിർവ്വഹണത്തിന്റെ അഭിനിവേശത്താൽ മുദ്രയടിക്കപ്പെട്ടവൻ (ചൂടടയാളം ധരിച്ചവൻ) ആയിരുന്നു. പാരമ്പര്യം പറയുന്നതുപോലെ പൌലൊസിന് 4 അടി 6 ഇഞ്ച് ഉയരമേ ഉണ്ടായിരുന്നുള്ളു എങ്കിൽ, ഗതിവേഗത്തിലും, പ്രാർത്ഥനയിലും, അന്തർദാഹത്തിലും താൻ തന്റെ സകല സമകാലീകരെയും കവച്ചുവെച്ചു. "ഒന്ന് ഞാൻ ചെയ്യുന്നു" എന്നുള്ളത് തന്റെ ജീവിത മുദ്രാവാക്യമായി ജ്വലിച്ചു വെട്ടിത്തിളങ്ങി. മറ്റു മനുഷ്യർ പ്രശംസിച്ചിരുന്ന എല്ലാറ്റിനും അവൻ കുരുടൻ ആയിരുന്നു.

അപ്രകാരം തന്നെ കാൽവിന്, അദ്ദേഹം തന്റെ വിദ്യാസ്ഥാപനങ്ങളിൽ തന്നെ ദിവസം മുഴുവനും കഴിച്ചുകൂട്ടുകയും ആൽപ്സിന്റെ മഹത്വത്തെ നമ്മോട് വർണ്ണിക്കേണ്ടതിന് തന്റെ കരുത്തുറ്റ തൂലികയെ ഒരിക്കൽപ്പോലും ചലിപ്പിക്കാതിരിക്കയും ചെയ്തതുകൊണ്ട് അധിക്ഷേപം സഹിക്കേണ്ടിവന്നു. മനുഷ്യന്റെ അമർത്യമായ ആത്മാവൊഴികെ വീക്ഷിക്കുവാൻ യോഗ്യമായ മറ്റൊരു ദൃശ്യവും എങ്ങും കണ്ടെത്തിയില്ലെന്ന കാരണത്താൽ പാസ്ക്കൽ അതിനിശിത വിമർശനത്തിന് വിധേയനാക്കപ്പെട്ടു. അതേ വിധത്തിൽ തന്നെ അപ്പൊസ്തലനായ പൌലൊസും യവന കലയെപ്പറ്റിയോ, വിശ്വദേവകുലത്തിന്റെ ഗാംഭീര്യത്തെക്കുറിച്ചോ ഒരു വാക്കുപോലും ഉച്ചരിക്കാതിരുന്നതുമൂലം താക്കീത് ചെയ്യപ്പെട്ടിരിക്കാം. അവന്റേത് ആത്മീയതയിലേക്കുള്ള ഒരു വേർപാടായിരുന്നു.

അഥേനയിലെ അരയോപഗക്കുന്നിലെ സംഘട്ടനാനന്തരം ചിന്തയിലും ബുദ്ധിസാമർത്ഥ്യത്തിലും ജ്ഞാനികളെ കടത്തിവെട്ടുവാനുള്ള പരീക്ഷക്ക് ദിനേന മരിച്ചുകൊണ്ട് അവൻ ഈ ലോകത്തിന്റെ ജ്ഞാനത്തിൻമേൽ അവജ്ഞ കോരിച്ചൊരിഞ്ഞു

അവന്റെ വേല ഒരു നിലപാടിനെ അതിജീവിക്കുക എന്നുള്ളതായിരുന്നില്ല, പിന്നെയോ നരകത്തിന്റെ ലഗ്യോനുകളെ ആക്രമിച്ച് വിജയംവരിക്കുക എന്നുള്ളതായിരുന്നു.

എവിടെയൊവച്ച്, മിക്കവാറും അറേബ്യയിൽ വെച്ച് പൌലൊസിന്റെ ആളത്വം മുഴുവനായും രൂപാന്തരപ്പെട്ടുകഴിഞ്ഞിരുന്നു. അതിനുശേഷം ഒരിക്കലും അവൻ പിന്മാറ്റക്കാരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മുമ്പിലേക്കുള്ള ഗമനത്തിൽ മാത്രം അവൻ ഏറ്റവും അധികം വ്യാപൃതനായിരുന്നു. "കർത്താവേ, തെറ്റിപ്പോകുന്ന പ്രവണതയുള്ളതെന്ന് ഞാൻ അറിയുന്നു." എന്ന് ഒരു സഭ പാടുന്നത് കേട്ടിരുന്നെങ്കിൽ അത് അവന്റെ നീതിയുള്ള ആത്മാവ് ഉരുകുവാനിടയാക്കുമായിരുന്നു! ഉത്തരവാദിത്വമേൽക്കാൻ, സ്വാഗതം ചെയ്യുവാൻ, സ്നേഹിക്കുവാൻ ആരുംതന്നെ ഇല്ലാതിരിക്കുക എന്നുള്ളത് പൌലൊസിൽ ഒട്ടുംതന്നെ വ്യത്യാസം ഉളവാക്കിയിരുന്നില്ല. ലൗകിക ബഹുമാനത്തിന്റെ ഓരോ രത്നത്തിനും, കുരുടനായും, സുഖലോലുപതയുടെ ഓരോ ചൂളംവിളിശബ്ദത്തിനും ചെകിടനായും ലൗകിക വിജയത്തിന്റെ മാസ്മരവിദ്യക്ക് ചേതനയറ്റവനായും അവൻ മുമ്പോട്ട് കുതിച്ചു.

പൌലൊസ് താഴ്മയുടെയും ചൂടടയാളം ഉള്ളവനായിരുന്നു. ദൈവത്താൽ നൽകപ്പെട്ട ഈ അങ്കിയെ അരിച്ചുകളവാൻ പുഴുക്കൾക്ക് കഴിഞ്ഞില്ല. അവൻ ഒരിക്കൽപ്പോലും താഴ്മയുടെ ഇരയിട്ടു പുകഴ്ചക്കായി ചൂണ്ടലിട്ടില്ല, പിന്നെയോ പാപികളുടെ നീണ്ട നിരയിൽ ഒന്നാമനായി തന്നെ നിർത്തുകയാണ് ചെയ്തത് (നാമായിരുന്നെങ്കിൽ അവനെ അവസാനം നിർത്തുമായിരുന്നു). വെയിത്സിലെ പുരാതന ദിവ്യൻ പറഞ്ഞു: നിങ്ങൾക്കു എബ്രായ, ഗ്രീക്ക്, ലത്തീൻഭാഷ അറിയാമെങ്കിൽ, പീലാത്തൊസ് ചെയ്തതുപോലെ അവയെ ക്രിസ്തുവിന്റെ ശിരസ്സിൽ വെക്കരുത്, പിന്നെയോ അവയെ അവന്റെ പാദത്തിൽ ഇടുക. പൌലൊസ് പറയുന്നത് "എനിക്കു ലാഭമായിരുന്നതൊക്കെയും ക്രിസ്തു നിമിത്തം ഞാൻ ചേതം എന്നെണ്ണുന്നു." എന്നത്രെ. (തുടരും)

●●●

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



### സൗഖ്യം നൽകുന്ന യേശു

വിവാഹം കഴിഞ്ഞ് രണ്ട് വർഷത്തിന് ശേഷം, പ്രാർത്ഥനയിലൂടെ എനിക്ക് ഒരു കുട്ടി ജനിച്ചു. ഏഴ് മാസത്തിനുള്ളിൽ മാസംതികയാതെ ഞാൻ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. കുട്ടിയുടെ ആരോഗ്യസ്ഥിതി വളരെ മോശമായതിനാൽ ഗോന്ദിയയിലെ സർക്കാർ ആശുപത്രിയിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു. രണ്ട് മാസത്തോളം ഐസിയുവിൽ ആയിരുന്നു. ആ സമയത്ത് ചർച്ചിലെ എല്ലാവരും ഞങ്ങൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കുട്ടി ജീവിക്കുമെന്ന് പ്രതീക്ഷയില്ലായിരുന്നു. രണ്ട് മാസത്തിന് ശേഷം ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തു. വീട്ടിലെത്തിയശേഷം വീണ്ടും ആരോഗ്യം വഷളായി. തുടർന്ന് ഞങ്ങൾ നാഗ്പൂരിലെ ഒരു ആശുപത്രിയിലേക്ക് കൊണ്ടുപോയി. കുട്ടിയുടെ ഹൃദയത്തിൽ ഒരു മുഴയും കാഴ്ചശക്തി കുറവുമാണെന്ന് ഡോക്ടർ പറഞ്ഞു. അപ്പോൾ ഞങ്ങൾ കൂടുതൽ വിഷമത്തിലായി. എന്നാൽ പ്രാർത്ഥനയുടെ ഫലമായി ദൈവം കുഞ്ഞിന് സൗഖ്യം നൽകി. കർത്താവായ യേശുവിന് നന്ദി. എന്റെ വിശ്വാസം കൂടുതൽ വർദ്ധിച്ചു.ദൈവത്തോട് ചേർന്ന് നിൽക്കുന്നു. ഇപ്പോൾ എന്റെ മകൾ ആരോഗ്യവതിയാണ്. കർത്താവായ യേശുവിന് മഹത്വം.

ലീല സുനിൽ മേശ്രാം, മഹാരാഷ്ട്ര


# ഫെയ്സ്ബുക്ക് പേജ്

f www.facebook.com/egmofindia

## രക്ഷാ സന്ദേശം

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത് നിന്നുള്ള ധ്യാനചിന്തകൾ




## രാജ്യത്ത് ക്രൈസ്തവർക്കെതിരായ അതിക്രമം കൂടുന്നു; ഇക്കൊല്ലം ഇതുവരെ 378 സംഭവങ്ങൾ



**രാ**ജ്യത്ത് ക്രൈസ്തവർക്കെതിരെ ഇക്കൊല്ലം ജൂൺ വരെ 378 അതിക്രമസംഭവങ്ങൾ ഉണ്ടായതായി റിപ്പോർട്ട്. 2024 ൽ 834 സംഭവങ്ങളുണ്ടായി. 2023 ൽ 734 സംഭവങ്ങളും ഓരോ വർഷവും അക്രമം കൂടിവരുകയാണെന്നാണ് കണക്ക് സൂചിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് വിവരം ശേഖരിക്കുന്ന ഡൽഹി ആസ്ഥാനമായ യുണൈറ്റഡ് ക്രിസ്ത്യൻ ഫോറ (യുസിഎഫ്)ത്തിന്റേതാണ് കണക്ക്. ഈ വർഷത്തെ 378 സംഭവങ്ങളിൽ 17 എഫ്ഐആറേ(FIR) രജിസ്റ്റർചെയ്തിട്ടുള്ളൂവെന്നും ഇവർ പറയുന്നു. സ്ത്രീകൾക്കെതിരെ 15, ദളിതർക്കെതിരെ 13, ഗോത്രവിഭാഗങ്ങൾക്കെതിരെ, 12 എന്നിങ്ങനെയാണ് കണക്ക്. ശാരീരിക ആക്രമണം 11, ഭീഷണി അധിക്ഷേപം 62, വസ്തുവകകൾക്കു നാശം ഒമ്പത്, മതചടങ്ങുകൾക്കായി സംഘടിക്കുന്നതു തടസ്സപ്പെടുത്തൽ 49, ജനക്കൂട്ട ആക്രമണം 247 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏറ്റവുമധികം കേസ് ഛത്തീസ്ഗഢിലാണ് 82. തൊട്ടുപിന്നിൽ ഉത്തർപ്രദേശ്, 73, കർണ്ണാടക, 32, രാജസ്ഥാൻ 25, മധ്യപ്രദേശ് 24, ബീഹാർ 22, ഝാർഖണ്ഡ് 21 എന്നിങ്ങനെയാണ് മറ്റു സംസ്ഥാനങ്ങളിലെ അവസ്ഥ. മണിപ്പൂർ ഒഴികെയാണിത്. രാജ്യത്തിന്റെ വിവിധയിടങ്ങളിൽനിന്ന് സംഘടനയുടെ ഹെൽപ്പ്ലൈൻ നമ്പറിലേക്കു വരുന്ന വിവരങ്ങൾ ശേഖരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. പ്രാദേശികമായി പോലീസിൽ റിപ്പോർട്ട് ചെയ്തതും ചെയ്യാത്തതുമുണ്ടാകും. 2020-ൽ 279, 2021-ൽ 505, 2022-ൽ 601 എന്നിങ്ങനെയാണ് അക്രമങ്ങൾ. അഞ്ചുവർഷമായി അക്രമസംഭവങ്ങൾ കൂടുകയാണെന്ന് യുസിഎഫ് ദേശീയ കോ-ഓഡിനേറ്റർ എ.സി. മൈക്കിൾ പറഞ്ഞു. ഇക്കാലയളവിൽ കേരളത്തിൽ ഒരു സംഭവംപോലും റിപ്പോർട്ടു ചെയ്തിട്ടില്ല. മണിപ്പൂരിൽനിന്നും ഇവരുടെ നമ്പറിലേക്ക് കോളുകൾ വന്നിട്ടില്ല. മുൻവർഷങ്ങളിലും ഉത്തർപ്രദേശും ഛത്തീസ്ഗഢുമായിരുന്നു മുന്നിൽ. യുപിയിൽ കഴിഞ്ഞവർഷം 209 സംഭവങ്ങളും ഛത്തീസ്ഗഢിൽ 165 സംഭവങ്ങളുമാണ് റിപ്പോർട്ട് ചെയ്തത്. മധ്യപ്രദേശിൽ 72 ഉം കർണ്ണാടകയിൽ 52 ഉം സംഭവങ്ങളുണ്ടായി.

**കേന്ദ്രഇടപെടൽ തേടി സിബിസിഐ:** ഛത്തീസ്ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളുടെ മോചനത്തിന് കേന്ദ്രസർക്കാർതലത്തിൽ ഇടപെടൽ തേടി കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) മതപരിവർത്തനം മനുഷ്യക്കടത്ത് എന്നീ ഗുരുതര വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഭരണതലത്തിലെ ഇടപെടലിലൂടെ കന്യാസ്ത്രീകളെ പുറത്തിറക്കാനാണ് ശ്രമം. ബിജെപി ഉൾപ്പെടെ എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും പ്രതിനിധികൾ തങ്ങളെ ബന്ധപ്പെട്ടിട്ടുണ്ടെന്നും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും സിബിസിഐ വക്താവ് പ്രതികരിച്ചു.

Source: www.mathrubhumi.com

## ലാബിൽ മനുഷ്യചർമ്മം വളർത്തിയെടുത്തു; ലോകത്താദ്യം; ചികിത്സാരംഗത്ത് പുതുവിപ്ലവം



**ലോ**കത്ത് ആദ്യമായി പൂർണ്ണമായും പ്രവർത്തനക്ഷമമായ മനുഷ്യചർമ്മം ലാബിൽ നിർമ്മിച്ച് ഓസ്ട്രേലിയൻ ശാസ്ത്രജ്ഞന്മാർ. ക്വീൻസ്ലാൻഡ് സർവ്വകലാശാലയിലെ സംഘമാണ് സ്റ്റെം സെല്ലുകൾ ഉപയോഗിച്ച് മനുഷ്യചർമ്മത്തിന്റെ ഒരു പകർപ്പ് സൃഷ്ടിച്ചത്. രക്തക്കുഴലുകൾ, കാപ്പിലറികൾ, രോമകൂപങ്ങൾ, ഞരമ്പുകൾ, ടിഷ്യുപാളികൾ, രോഗപ്രതിരോധ കോശങ്ങൾ എന്നിവയും ഈ ലാബിൽ നിർമ്മിച്ച ചർമ്മത്തിലുണ്ട്. ചർമ്മചികിത്സാരംഗത്ത് പുതിയ വിപ്ലവത്തിനായിരിക്കും ഈ കണ്ടുപിടിത്തം വഴിയൊരുക്കുന്നത്. ലോകത്ത് വികസിപ്പിച്ചെടുത്തിട്ടുള്ളതിൽവെച്ച് ഏറ്റവും ജീവൻതുടിക്കുന്ന ചർമ്മമാതൃകയാണിതെന്ന് ക്വീൻസ്ലാൻഡ് സർവ്വകലാശാലയിലെ ഫ്രേസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ടിഷ്യൂ എഞ്ചിനീയറിങ്, റീജനറേറ്റീവ് മെഡിസിൻ ശാസ്ത്രജ്ഞനും സംഘത്തിലെ മുഖ്യ ഗവേഷകനുമായ അബ്ബാസ് ഷാഫി പറഞ്ഞു. ഇതുവരെ ചർമ്മരോഗങ്ങൾ പഠിക്കുന്നതിലും പുതിയ ചികിത്സകൾ വികസിപ്പിക്കുന്നതിലും ശാസ്ത്രജ്ഞർക്ക് പരിമിതികളുണ്ടായിരുന്നു. എന്നാൽ യഥാർത്ഥ മനുഷ്യചർമ്മത്തെ അനുകരിക്കുന്ന ഈ കൃത്രിമ ചർമ്മം ഉപയോഗിച്ച് രോഗങ്ങളെ കൂടുതൽ സൂക്ഷ്മമായി പഠിക്കാനും പുതിയ ചികിത്സകൾ വികസിപ്പിച്ചെടുക്കാനും സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സ്റ്റെം സെല്ലുകളിലെ സമീപകാല പുരോഗതി ത്രിമാന സ്കിൻ ലാബ് മോഡലുകൾ എഞ്ചിനീയറിങ് ചെയ്യാൻ ഗവേഷകരെ പ്രാപ്തരാക്കിയിരുന്നു. മനുഷ്യചർമ്മകോശങ്ങൾ എടുത്ത് അവയെ സ്റ്റെം സെല്ലുകളാക്കി മാറ്റുകയായിരുന്നു. ആദ്യം സംഘം ചെയ്തത്. ഇവയെ ശരീരത്തിലെ എത് തരത്തിലുള്ള കോശങ്ങളായും മാറ്റാം. ഈ സ്റ്റെം സെല്ലുകൾ പെട്രി ഡിഷുകളിൽ സ്ഥാപിച്ചു. പിന്നീട് അത് സ്കിൻ ഓർഗനോയിഡുകൾ എന്നറിയപ്പെടുന്ന ചർമ്മത്തിന്റെ ചെറിയ പതിപ്പുകളാക്കി വളർത്തിയെടുത്തു. അതേ സ്റ്റെം സെല്ലുകൾ ഉപയോഗിച്ച് ചെറിയ രക്തക്കുഴലുകൾ സൃഷ്ടിക്കുകയും ഈ വളർന്നുകൊണ്ടിരിക്കുന്ന ചർമ്മത്തിൽ അവ ചേർക്കുകയും ചെയ്തു. സ്വാഭാവിക മനുഷ്യചർമ്മം പോലെ തന്നെയാണ് ഈ ലാബിൽ വളർത്തിയെടുത്ത ചർമ്മവും വികസിച്ചത്. പാളികൾ രോമകൂപങ്ങൾ, പിഗ്മെന്റേഷൻ, പാറ്റേണുകൾ, ഞരമ്പുകൾ തുടങ്ങി രക്തക്കുഴലുകൾ വഴി സ്വയം രക്തവിതരണത്തിനുള്ള കഴിവും ഇവക്കുണ്ടായിരുന്നുവെന്ന് വൈലി അഡ്വാൻസ്ഡ് ഹെൽത്ത് കെയർ മെറ്റീരിയൽസിൽ പ്രസിദ്ധീകരിച്ച ഗവേഷണത്തിൽ പറയുന്നു. ആറ് വർഷമെടുത്ത് വികസിപ്പിച്ചെടുത്ത ഈ ചർമ്മമാതൃക, സോറിയാസിസ്, അറ്റോപിക് ഡെർമറ്റൈറ്റിസ്, സ്ക്ലിറോഡെർമ തുടങ്ങിയ ത്വക്ക്രോഗങ്ങൾക്കുള്ള ഗ്രാഫ്റ്റുകളും ചികിത്സകളും മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് പഠനത്തിന്റെ സഹരചയിതാവ് പ്രൊഫസർ കിയാരഷ് ഖോസ്രോതെഹ്റാനി പറഞ്ഞു.

Source: www.manoramaonline.com

ഡോ. വി. പി. മത്തായി വാലയിൽ എഴുതിയ
**'ദൈവഹിതവും ദൈവശബ്ദവും എങ്ങനെ തിരിച്ചറിയും..?'** എന്ന പുസ്തകം ഇപ്പോൾ വില്പനയിൽ. ഈ പുസ്തകം വാങ്ങുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**8281616654**






ഒഡിഷ മുനിഗുഡയിലെ നമ്മുടെ സെന്ററിൽവെച്ച് ഒക്ടോബർ 29 മുതൽ നവംബർ 2 വരെ സൺഡേസ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് ക്യാമ്പ് നടത്തപ്പെടുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള സൺഡേസ്കൂൾ അദ്ധ്യാപകർ പങ്കെടുക്കുന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി എല്ലാവരും പ്രാർത്ഥിക്കണമേ.



# ആദരാഞ്ജലികൾ

## എം. ജെ. കുര്യാക്കോസ് (65)

(ബാബു)
മേക്കടമ്പ്, മൂവാറ്റുപുഴ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സഹകാരിയും ഹോറേബ് യൂണിറ്റ് അംഗവും മിഷന്റെ സെക്രട്ടറി ശ്രീ. സി. സി. ജോസഫിന്റെ സഹോദരീഭർത്താവുമായ മടത്തിനാത്തോട്ടത്തിൽ ശ്രീ. എം. ജെ. കുര്യാക്കോസ് (65) 15.08.2025–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

# ആരോഗ്യവിചാരം

## അമീബിക് മസ്തിഷ്കജ്വരം;
### വില്ലനെ തിരിച്ചറിയണം, ജാഗ്രതയില്ലെങ്കിൽ അപകടം!



**വീ**ണ്ടും ഒരു മഴക്കാലവും അതിനു പിന്നാലെ അമീബിക് മസ്തിഷ്കജ്വരം എന്ന പേടിപ്പെടുത്തുന്ന രോഗവും കേരളത്തിൽ ചർച്ചയാവുകയാണ്. കെട്ടിക്കിടക്കുന്ന വെള്ളവും ക്ലോറിനേറ്റ് ചെയ്യാത്ത കുളങ്ങളും തന്നെയാണ് ഇപ്പോഴും വില്ലൻ. മാധ്യമങ്ങളിലൂടെയും ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളിലൂടെയും രോഗത്തെയും അതു പിടിപെടാനുള്ള സാഹചര്യങ്ങളെയും കുറിച്ച് ഒരുവർഷം മുഴുവൻ പ്രചാരണം നടത്തിയെങ്കിലും മലയാളി വേണ്ടത്ര ഗൗരവത്തോടെ അതു കണ്ടിട്ടില്ലെന്നുവേണം കരുതാൻ.

**പകരുന്ന വിധം**

കെട്ടിക്കിടക്കുന്നതോ ഒഴുക്കുകുറഞ്ഞതോ ആയ വെള്ളത്തിൽ മുങ്ങിക്കുളിക്കുകയോ ചാടിക്കുളിക്കുകയോ ചെയ്യുമ്പോൾ മൂക്കിലെ അരിപ്പപോലുള്ള ക്രിബിഫോം പ്ലേറ്റ്‌വഴി അമീബ തലച്ചോറിൽ എത്തുന്നു. നേരിട്ടു തലച്ചോറിനെ ബാധിക്കുന്നതുകൊണ്ട് ആദ്യകാലത്ത് ഇതു ബ്രെയിൻ ഈറ്റിങ് അമീബ എന്നാണറിയപ്പെട്ടിരുന്നത്. കെട്ടിക്കിടക്കുന്ന ഏതു വെള്ളത്തിലും അമീബ ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. നീന്തൽക്കുളങ്ങളിലും കെട്ടിനിർത്തിയിരിക്കുന്ന വെള്ളത്തിലും കായലുകളിലും ഇത്തരം അമീബ കാണപ്പെടാറുണ്ട്.

ശരീരത്തിൽ പ്രവേശിച്ചു കൂടുതൽ ദിവസം നിശ്ശബ്ദമായിരുന്നശേഷം സജീവമായി മാറുന്നത് ഹൈക്കന്തമീബ, ബാലമുത്തിയ മാൻഡിലാരിസ് തുടങ്ങിയ അമീബകളുടെ പ്രത്യേകതയാണ്. പ്രതിരോധശേഷി കുറവുള്ളവരിലാണ് ഹൈക്കന്തമീബ ബാധിച്ചിരുന്നത് എന്നാൽ ഇത്തവണ ആരോഗ്യമുള്ളവർക്കും ഹൈക്കന്തമീബ ബാധിച്ചിട്ടുണ്ട്. അമീബയിൽ സംഭവിച്ച ജനിതകവ്യതിയാനംകൊണ്ടാണോ ഈ മാറ്റങ്ങളെന്നതിനു കൂടുതൽ പഠനം ആവശ്യമാണ്.

**പ്രതിരോധം കടുപ്പിക്കണം**

നീന്തൽക്കുളങ്ങളെല്ലാം ശുചീകരണ പ്രോട്ടോക്കോൾ പാലിച്ച് ക്ലോറിനേറ്റ് ചെയ്യണം. അതു കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും വേണം. പൊതുകുളങ്ങൾ സാധ്യമായ രീതിയിൽ ശുചീകരിക്കാൻ ആരോഗ്യ, തദ്ദേശവകുപ്പ് അധികൃതർ ശ്രദ്ധിക്കണം. കുളിക്കാൻ പോകുന്നവരും ശ്രദ്ധിക്കേണ്ടതാണ്. ഒഴുക്ക് തീരെയില്ലാത്ത, കെട്ടിക്കിടക്കുന്ന, ആഴം കുറഞ്ഞ സ്ഥലങ്ങളിൽ കുളിക്കുന്നത് ഒഴിവാക്കുക. ചാടിക്കുളിക്കുകയും മുങ്ങാംകുഴിയിട്ടു കുളിക്കുകയും ചെയ്യുന്നത് ഒഴിവാക്കുക. നീന്തുകയാണെങ്കിൽത്തന്നെ തല മുകളിലേക്ക് ഉയർത്തിപ്പിടിച്ചു മൂക്കിൽ വെള്ളം കയറാത്തവിധത്തിൽ നീന്താൻ ശ്രദ്ധിക്കുക. മുങ്ങിയേ പറ്റൂ എന്നാണെങ്കിൽ നോസ് ക്ലിപ് ഉപയോഗിക്കുക. അമീബ കലർന്ന വെള്ളം വായിലൂടെ ഉള്ളിൽ പോയാലും ഒന്നും സംഭവിക്കില്ല. ചാടിക്കുളിക്കുമ്പോൾ മൂക്കിലൂടെ അതിശക്തമായ മർദത്തോടെ വെള്ളം പ്രവേശിക്കും.

- നീന്തൽ കുളങ്ങൾ ക്ലോറിനേറ്റ് ചെയ്യണം.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നത് ഒഴിവാക്കണം.

**ചികിത്സയിലെ പുരോഗതി**


അമീബിക് മസ്തിഷ്കജ്വര ചികിത്സക്കു പ്രോട്ടോക്കോൾ ഉണ്ടാക്കാനും ഏറ്റവും ഫലപ്രദമായ മിൽട്ടിഫോസിൻ മരുന്നു ലഭ്യമാക്കാനും സാധിച്ചെന്നതു ചികിത്സാരംഗത്തു നേട്ടമാണ്. വെള്ളക്കെട്ടിൽ മുങ്ങിക്കുളിച്ചതിനു ശേഷം പനിയോ ഛർദ്ദിയോ വന്നാൽ ഉടൻ ചികിത്സതേടുക എന്നതാണ് പ്രധാനം. എത്ര നേരത്തേ രോഗം കണ്ടെത്തി ചികിത്സ ആരംഭിക്കുന്നോ, ഭേദമാകാനുള്ള സാധ്യതയും അത്രത്തോളം കൂടുതലാണ്. പരിഭ്രാന്തരാകേണ്ട കാര്യമില്ല. പ്രതിരോധമാണ് ഏതു രോഗത്തെയും അകറ്റിനിർത്തുന്ന പ്രധാന ശക്തി. നമ്മുടെ ചുറ്റുപാടുകളിൽ രോഗത്തിനുള്ള സാധ്യതകൾ ഏതൊക്കെയെന്നു തിരിച്ചറിഞ്ഞ് പെരുമാറുകയാണു മുഖ്യം.

●●●

Source: www.manoramaonline.com

# ബൈബിൾ ക്വിസ് 2025

## ഭാഗം : 10



(2 ശമൂവേൽ, വെളിപ്പാട്, GM സെപ്റ്റംബർ 2025)

1. രാജാവിന്റെ കാലത്തു തന്നേ ജനത്തെ എത്ര ഇരട്ടി വർധിപ്പിക്കട്ടെ എന്നാണ് യോവാബ് പറഞ്ഞത് ?
2. സ്വർഗ്ഗത്തിൽ ഏകദേശം അരമണിക്കൂറോളം മൗനത ഉണ്ടായത് എപ്പോൾ?
3. ജനത്തെ എണ്ണുവാൻ പുറപ്പെട്ട യോവാബും പടനായകന്മാരും എവിടെയാണ് കൂടാരം അടിച്ചത് ?
4. വിശുദ്ധന്മാരുടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽ നിന്ന് ദൈവസന്നിധിയിലേക്ക് കയറിയത് എന്ത് ?
5. എത്രനാൾകൊണ്ടാണ് യോവാബും കൂട്ടരും ജനത്തെ എണ്ണിയത് ?
6. സഹോദര സ്നേഹം നഷ്ടപ്പെട്ടുപോയ ഇന്നത്തെ സമൂഹത്തിൽ ആരെപ്പോലെ ആകാൻ നമുക്കും ശ്രമിക്കാം?
7. ദൂതൻ ധൂപകലശത്തിൽ എന്ത് നിറെച്ചാണ് ഭൂമിയിലേക്ക് എറിഞ്ഞത് ?
8. ജനസംഖ്യ എടുത്തതിൽ യിസ്രായേലിലും യെഹൂദ്യയിലും കൂടി എത്രപേർ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തിയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

9. ഏഴു കാഹളമുള്ള ദൂതന്മാരിൽ എത്ര പേരാണ് കാഹളം ഊതുവാൻ ഒരുങ്ങിനിന്നത് ?
10. മഹാ പാപവും വലിയ ദോഷത്വവുമെന്ന് ദാവീദിന് തോന്നിയ കാര്യം?

## ബൈബിൾ ക്വിസ് 2025 - ഭാഗം 9 ശരിയുത്തരങ്ങൾ

1. ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി വന്ന ദൂതൻ (വെളിപ്പാട് 7:2)
2. ബെനായാവ് (2 ശമൂവേൽ 23:20)
3. വെള്ളനിലയങ്കി (വെളിപ്പാട് 7:9)
4. ബെനായാവ് (2 ശമൂവേൽ 23:21)
5. കുഞ്ഞാടിന്റെ രക്തത്തിൽ (വെളിപ്പാട് 7:14)
6. ബെനായാവ് (2 ശമൂവേൽ 23:22)
7. സിംഹാസനത്തിൽ ഇരിക്കുന്നവൻ (വെളിപ്പാട് 7:15)
8. വിശുദ്ധ പൌലൊസ് (GM ആഗസ്റ്റ് പേജ് 30)
9. യോവാബ് (2 ശമൂവേൽ 23:24)
10. ദൈവം (വെളിപ്പാട് 7:17)

## ഭാഗം-8 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഈശോ കുരുവിള, അന്നമ്മ ഐസക്, റാഹേലമ്മ ജോർജ്ജ്, ജിൻസി എഡ്‌ബി, ലില്ലി ചാക്കോ, ഗ്രേസി ചാക്കോ, ഹന്ന നെൽസൺ, സുജാമോൾ തോമസ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

**STATE COORDINATOR**

P.V. JOSEPH : 94465 96654

**ORGANIZER**

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889
JANCY VARGHESE : 94465 23654
C.K. ABRAHAM : 94478 74276
VALSA KURIAKOSE : 94972 80050
M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM - 6.00 PM

| | | |
|---|---|---|
| **Address** | : | E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556 |
| **Phone** | : | 0484 2593838, (+91) 8281616654 (Whatsapp) |
| **Email** | : | egmofindia@gmail.com |
| **Website** | : | www.egmofindia.com |


**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
Email : vpmathaivalayil@gmail.com

E.G.M. OF INDIA

# ക്രിസ്മസ് സന്തോഷം ഭാരത ഗ്രാമങ്ങളിലേക്കും...



*"നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു: നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു: ആധിപത്യം അവന്റെ തോളിൽ ഇരിക്കും.; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും.' (യെശയ്യാവ് 9:6)*

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

**അ**ഖിലാണ്ഡത്തിന്റെ ഉടയവനായ കർത്താവായ യേശുക്രിസ്തു മാനവരാശിയുടെ പാപമോചനത്തിനായി വിണ്ണിൽ നിന്നും മണ്ണിലേക്കിറങ്ങിവന്നതിന്റെ സ്മരണയുടെ ദിനങ്ങളാണല്ലോ നമ്മുടെ മുന്നിലുള്ളത്. നമ്മളൊക്കെ ക്രിസ്മസ് വളരെ ആർഭാടമായി, ചിലവ് ചെയ്ത് ആഘോഷിക്കുന്ന ഒരു രീതിയാണല്ലോ ഉള്ളത്. ആഘോഷങ്ങൾ ഇങ്ങനെ ഒന്നിനു പുറകെ ഒന്നായി വരുമ്പോൾ നമുക്കു ചുറ്റും കാണുന്ന വളരെ വലിയ ദരിദ്രരായവരുടെ സമൂഹത്തെ നമ്മൾ വിസ്മരിക്കും. ഭാരതസുവിശേഷീകരണത്തിനു ചുമതല കൊടുത്തിരിക്കുന്ന ഇ.ജി.എം. ഓഫ് ഇന്ത്യ നമ്മൾ പ്രവർത്തിക്കുന്ന മിഷൻ ഫിൽഡുകളിലെ ആദിവാസികളായ മക്കൾക്ക് ക്രിസ്മസ് സമ്മാനം വിതരണം ചെയ്യാറുണ്ട്. എല്ലാ വർഷവും നൽകി വരുന്നതിനാൽ അവർ വളരെ പ്രതീക്ഷയോടു കൂടിയാണ് ക്രിസ്മസ് സമ്മാനത്തിനായി കാത്തിരിക്കുന്നത്. ഈ വർഷവും ഒരു കുട്ടിക്ക് 300 രൂപ വരുന്ന സമ്മാനമാണ് കൊടുക്കുവാൻ ആഗ്രഹിക്കുന്നത്. ഇതുവഴി കർത്താവിന്റെ മനുഷ്യാവതാരവും രക്ഷണ്യ പ്രവർത്തികളും, ദൈവത്തിന്റെ സ്നേഹവും പകുവക്കുവാൻ കഴിയുന്നു. ഭാരത സുവിശേഷീകരണ ശുശ്രൂഷയുടെ ഭാഗമായി നമ്മൾ ചെയ്യുന്ന ഈ പ്രവർത്തനത്തിൽ മുന്നൂറ് രൂപയോ അതിന്റെ ഗുണിതങ്ങളോ ആയ തുക താഴെ കാണുന്ന അക്കൗണ്ട് നമ്പറിലേക്ക് അയച്ച് തന്ന് ഈ നിയോഗത്തിൽ നമുക്കൊരുമിച്ച് പങ്കാളികളാകാം. ഡിസംബർ അഞ്ചാം തീയതിക്കു മുമ്പേ എന്തെങ്കിലും സാഹചര്യങ്ങളുണ്ടെങ്കിൽ ദൈവസ്നേഹത്തിൽ ഈ സാധുക്കളിൽ സാധുക്കളായ മക്കളെ സന്തോഷിപ്പിക്കുന്നതിൽ പങ്കാളികളാകണമേ.

ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്, കർതൃ ശുശ്രൂഷയിൽ

ഡോ. വി.പി. മത്തായി വാലയിൽ

| | |
|---|---|
| A/C Name : EGM OF INDIA | A/C Name : V. P. MATHAI VALAYIL |
| A/C NO : 100 301 005 417 42 | A/C NO : 303 940 841 48 |
| Federal Bank, Perumbavoor | SBI, Perumbavoor (Official) |
| IFSC : FDRL0001003 | IFSC : SBIN0008661 |

G Pay

EGM OF INDIA
+91 91883 79654

UPI ID: egmofindia@sbi

**Call/Whatsapp : 8281616654 | 9447707654**

പണം അയക്കുന്നവർ നിർബന്ധമായും പേരും മേൽവിലാസവും അയച്ച തുകയും കാണിച്ച് വാട്ട്സ്ആപ്പ്/ ഇ-മെയിൽ/ S.M.S/ കത്ത് അയക്കുകയോ ചെയ്ത് അക്കൗണ്ടിംഗിന് സഹായിക്കുമല്ലോ. 5 ദിവസത്തിനകം Whatsapp/ Phone Call മുഖേന രസീത് വരാതിരുന്നാൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. *2000 രൂപയ്ക്ക് മുകളിലുള്ള തുക ചെക്ക്/ ഡ്രാഫ്റ്റ്/ നേരിട്ട് ബാങ്കിലേക്ക്/ ഇന്റർനെറ്റ് മുഖേന അയക്കേണ്ടതാണ്.*

**പണം അയക്കേണ്ട വിലാസം**

E.G.M. OF INDIA, Mission Centre, Allapra P.O, Allapra, Ernakulam Dist., Kerala - 683 556

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്<br>Support for the works in a Mission field | : | ₹ 15,000/ |
| ഒരു മിഷനറിയുടെ സംരക്ഷണത്തിന്<br>support for a Missionary | : | ₹ 5,000/ |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്<br>Evangelisation of a village | : | ₹ 2,500/ |
| ബൈബിൾ, സുവിശേഷപ്രതികൾക്ക്<br>Distribution of Bible, Tracts etc. | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ<br>Construction of a Church | : | ₹ 10,00,000/ |
| ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ<br>Construction of a Prayer Hall in a village | : | ₹ 4,00,000/ |
| ഫീൽഡിലേക്ക് ഒരു ടൂവീലർ<br>Buy a twowheeler to the Mission field | : | ₹ 1,00,000/ |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ<br>Buy a cycle to the Mission field | : | ₹ 5,000/ |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം<br>Distribute Lunch In Tribal school | : | ₹ 5,000/ |
| മെഡിസിൻ വിതരണത്തിന്<br>Distribution of medicine | : | ₹ 1000/ |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്<br>Palliative Care for a BPL Family | : | ₹ 1,000/ |
| ഒരു മിഷനറിയുടെ ഒരുകുട്ടിയുടെ വിദ്യാഭ്യാസചിലവ്<br>Support | : | ₹ 1,700/ |
| വിദ്യാഭ്യാസ സഹായം<br>Educational help | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു വീട് നിർമ്മിക്കുവാൻ<br>Construction of a house for the poor | : | ₹ 4,00,000/ |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്<br>school uniform, bag & shoes | : | ₹ 1,500/ |

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# ഹെൽപ്പ് ഇന്ത്യ മിഷൻ



## ഡോക്സ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ 5–ാമത് വാർഷികം

പെരുമ്പാവൂർ കേന്ദ്രീകരിച്ച് കിടപ്പുരോഗികൾ, വയോജനങ്ങൾ, ഡയാലിസിസിനു വിധേയരാകുന്ന വൃക്കരോഗികൾ മുതലായവർക്കിടയിൽ നാം ചെയ്തുവരുന്ന നന്മ പ്രവർത്തനങ്ങളുടെ വാർഷികം ഒക്ടോബർ 10 വെള്ളിയാഴ്ച 10 am - 1 pm വരെ ക്രമീകരിച്ചിരിക്കുകയാണ്. പ്രസ്തുത പരിപാടിയിൽ ശ്രീ. ബെന്നി ബെഹനാൻ (MP), അഡ്വ. എൽദോസ് കുന്നപ്പിള്ളി (MLA), ശ്രീ. സാജു പോൾ (Ex. MLA), ശ്രീ. പി. പി. എൽദോസ് (വെങ്ങോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്) ശ്രീമതി ബിൻസി വർഗീസ് (വാർഡ് മെമ്പർ) എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഡോ. നെൽസൻ മാത്യു വാലയിൽ നയിക്കുന്ന ബോധവത്കരണ ക്ലാസ്സും ഉണ്ടായിരിക്കും. പൊതുപ്രവർത്തകർ, നാം സേവനം നൽകുന്ന കുടുംബങ്ങൾ, നമ്മുടെ പ്രവർത്തകർ എല്ലാവരും ഒത്തു ചേരുന്ന ഈ സമ്മേളനത്തിലേക്ക് ഏവരേയും സസന്തോഷം സ്വാഗതം ചെയ്യുന്നു.



വാർഷികത്തിനോടനുബന്ധിച്ച് വെങ്ങോല പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും നിർദ്ധനരായ കുടുംബങ്ങൾക്കും നാം ഇപ്പോൾ പാലിയേറ്റീവ് സേവനങ്ങൾ നൽകി വരുന്നതായ കുടുംബങ്ങൾക്കും നിത്യോപയോഗത്തിനു ഉതകുന്ന കിറ്റുകൾ വിതരണം ചെയ്യുകയാണ്.

---

താല്പര്യമെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക.

**ഒരു ദരിദ്ര കുടുംബത്തിലേക്കുള്ള കിറ്റ് സ്പോൺസർ ചെയ്ത് ഈ സംരംഭത്തിൽ പങ്കുചേരണമേ.**

FEDERAL BANK

UPI ID : helpindia1@fbl

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26) അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

**BANK DETAILS**

| | |
|---|---|
| HELP INDIA MISSION | V.P. MATHAI *(Official)* |
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor

IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com | Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.09.2025

**ഗോസ്പൽ മെസഞ്ചർ** വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# Morning Fellowship

## എല്ലാ ദിവസവും 5.40 am - 6.40 am

**Google Meet Meeting Code : iib-yyvd-seq**

# രക്ഷാസന്ദേശം

## ടി. വി പ്രോഗ്രാം

POWERVISION



പവർവിഷൻ ചാനലിൽ
ബുധനാഴ്ച രാത്രി 9 ന്

## യൂട്യൂബ് ചാനൽ സന്ദർശിക്കുക

www.youtube.com/egmof india Subscribe

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.